

ഈശോ, പരിശുദ്ധ കന്യകാമാതാവിനെ കിരീടമണിയിക്കുന്ന ഈ ചിത്രം റോമിലെ 'മേരി മേജർ' എന്ന ബസിലിക്കായിൽ അൾത്താരയുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

ചിത്രകാരൻ— യാക്കോപോ തൊറീത്തി. (Jacopo Torriti)

www.dukhrana.in

വാല്യം 4
ആഗ. 1984
ലക്കം 8

ദുക്റാന

www.dukhrana.in

ദുക്റാന ക്വിസ്മത്സരം–ചോദ്യങ്ങൾ

1) പിതാവ്, പുത്രൻ, സഭ എന്നീ മൂന്നുഘടകങ്ങൾ പരസ്പരം ബന്ധപ്പെടുന്നതെങ്ങനെ?
2) 'മ് കീർത്താ' എന്നപദം കൊണ്ട് വിവക്ഷിക്കുന്ന അർത്ഥമെന്ത്?
3) മിശിഹായെ പ്രകാശത്തോടു ബന്ധപ്പെടുത്തുന്ന രൂപകങ്ങൾ ദനഹാ പ്രാർത്ഥനകളിൽ നിറഞ്ഞുനില്ക്കുന്നുയെന്ന് ഉദാഹരണങ്ങൾ കൊണ്ടു വ്യക്തമാക്കുക?
4) പ്രാവിനെ പരിശുദ്ധാത്മാവിന്റെ പ്രതീകമായി സ്വീകരിച്ചത് എന്നുമുതൽ? എന്തിന്റെ അടിസ്ഥാനത്തിൽ?
5) ശ്രീഹന്മാരുടെ വിശ്വാസപ്രമാണം ഉപയോഗിച്ചുതുടങ്ങിയ കാലഘട്ടമേത്?
6) മോശ ഉപവസിച്ചതിന്റെ സൽഫലങ്ങൾ എന്തൊക്കെആയിരുന്നു?
7) കാറോസൂസായിൽ 'ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കൃപ ചെയ്യണമേ എന്ന പ്രത്യുത്തരമാണല്ലോ സാധാരണമായി കാണുന്നത്' ഈ പ്രാർത്ഥനയുടെ അർത്ഥവ്യാപ്തി വ്യക്തമാക്കുക?
8) മലയാളത്തിൽ കൂദാശയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ ഏതെല്ലാംഭാഷകളിൽ നിന്ന് എടുത്തിട്ടുള്ളവയാണ്?
9) മാമ്മോദീസാകുളത്തിന് മീൻകുളം എന്ന പേരു പറയുവാൻ കാരണമെന്ത്?
10) സീറോ–മലബാർ റീത്തിൽ എത്ര അനാഫൊറാകളുണ്ടായിരുന്നു? അവയുടെ പേര്?
11) വിശുദ്ധ വത്സരത്തോടു അനുബന്ധിച്ചുള്ള ആചാരങ്ങൾക്കു രൂപം കൊടുത്ത മാർപ്പാപ്പാ ആര്?
12) ഉയിർപ്പുതിരുനാൾ നമുക്കു നല്കുന്ന സന്ദേശമെന്ത്?
13) സാർദിസിലെ മെലിറേറായുടെ പെസഹാ പ്രസംഗത്തിന്റെ ഉള്ളടക്കമെന്ത്?
14) ബലിയർപ്പണ വേളയിൽ പുരോഹിതൻ ധരിക്കുന്ന അരക്കെട്ട് പ്രതീകാത്മ സമ്പന്നമാണെന്നു തെളിയിക്കുക?
15) നോയമ്പിന്റെ അർത്ഥവും അരൂപിയും വ്യക്തമാക്കുക?

ഉത്തരക്കടലാസുകൾ ഓഗസ്റ്റ് 17-ാം തീയതിക്കകം കിട്ടത്തക്ക വിധം തപാൽകാർഡ്ഡം

പീഫ് എഡിററർ ദുക്റാന
വിദ്യാനഗർ, മാങ്ങാനം P. O.
കോട്ടയം 686 018 എന്ന വിലാസത്തിൽ
അയച്ചുതരേണ്ടതാണ്.

ദുക്റാന ആരാധന

പുസ്തകം 4 | 1984 ആഗസ്റ്റ് | ലക്കം 8

ഈ ലക്കത്തിൽ

സ്വാതന്ത്ര്യം തന്നെയമൃതം 2

ലത്തീൻ റീത്തിൽ പല അനാഫൊറകൾ 4
മാർ എബ്രാഹം മററം

പരിശുദ്ധ മറിയം കൗൺസിൽ രേഖകളിൽ 8
ജോർജ്ജ് കടിലിൽ

അറബിപേർഷ്യൻ ഭാഷകളും മാർതോമ്മാക്രിസ്ത്യാനികളും 13
ഡോ. പി. എം. ജോസഫ് എം. എ. പി.എച്ച്.ഡി.

ഹൃദയവും ആദ്ധ്യാത്മികതയും 18
ഡോ. ജേക്കബ് വെള്ളിയാൻ

ശ്ലീഹന്മാരുടെ അനാഫൊറ 20
ഡോ. തോമസ് മണ്ണൂരാംപമ്പിൽ

ചിന്താതരംഗം 26

കാഴ്ചസമർപ്പണം 28
ഡോ. വർഗ്ഗീസ് പാത്തികുളങ്ങര സി. എം. ഐ.

ദേവാലയഗീതങ്ങൾ 32
(സംശങ്ങൾക്ക് ഒരു പുറം)

ഗ്രന്ഥപരിചയം 34

വാർത്താലോകം 35

കലണ്ടർ 38

DUKRANA
Monthly
A Journal on Liturgy
Sponsored by the Eastern
Liturgical Society

BOARD OF EDITORS
Chief Editor
Dr. Jacob Vellian
Managing Editor
Dr. Xavier Koodapuzha
General Editor
S. Kurian Vempany
Associate Editor
Dr. Thomas Mannooramparampil
News Editor
Dr. Wilson Ukken
Finance Manager
Fr. Joseph Kunnathupurayidam
Publisher
Fr. G. Kolath
Art. Editor
Joseph Newton

All correspondence regarding agency and subscription:
THE CIRCULATION MANAGER
DUKRANA
Vidyanagar, Manganam P. O., Kottayam 686 018, Kerala.
Phone Ktm. 8321

SUBSCRIPTION
Single Copy Rs. — 1.25
Annual Sub. Rs. — 12/-

പത്രാധിപർ സംസാരിക്കുന്നു

www.dukhrana.in

ഭാരതകത്തോലിക്കർക്കു രണ്ടു മധുരസ്മരണകളുടെ സമാഗ്രേഷദിനമാണു് ആഗസ്റ്റു് പതിനഞ്ചു്. ഒന്നു് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോണസ്മരണ. അപരത്തു് ഭാരതം ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നു സ്വതന്ത്രയായതിന്റെ വാർഷികസ്മരണ. രണ്ടു അനുസ്മരണകളും തമ്മിലുള്ള അന്തരം കാൽനൂറ്റാണ്ടിലധികമുണ്ടു്. ഒന്നിനോടു് ഒരു കുഞ്ഞാടിന്റെ നിഷ്കളങ്കതയോടെ നമുക്കു് ചേർന്നുനിൽക്കാം. മറ്റതു് വിശ്വസ്വാതന്ത്ര്യത്തിന്റെ വിശുദ്ധിയിലേക്കു് നമ്മെ നയിക്കുന്നു. പാപത്തിൽനിന്നുള്ള മോചനമാണു്. ജീവിതത്തിൽ പാപലേശമേൽക്കാതെ ജീവിക്കുക അസാദ്ധ്യംതന്നെ.

മറ്റൊന്നു ചിന്തിക്കുക: പട്ടിണിയും പരാധീനതയുമൊക്കെ മാറികിട്ടി സ്വാതന്ത്ര്യസഞ്ചാരസ്വാതന്ത്ര്യം കിട്ടിയാൽത്തന്നെ സ്വസ്വാതന്ത്ര്യം ലഭിച്ചുമോ? ഇല്ലെന്നാണു് അനുഭവം തെളിയിക്കുന്നതു്. സമ്പന്നരാഷ്ട്രങ്ങളിൽ ലൈംഗികസ്വാതന്ത്ര്യം സുലഭമായിരിക്കുന്നു" നിരോധശീലർ മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു കുറവാണു്". മറ്റൊരു വിധത്തിലുള്ള സ്വാതന്ത്ര്യം പാപത്തിൽനിന്നുള്ള മോചനമാണു്. ജീവിതത്തിൽ പാപലേശമേൽക്കാതെ ജീവിക്കുക അസാദ്ധ്യംതന്നെ.

സ്വാതന്ത്ര്യംതന്നെയമൃതം

[illegible] സ്വാതന്ത്ര്യം [illegible] സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗം [illegible] കിടക്കാനിഷ്ടവും കഴിഞ്ഞാൽ [illegible] സ്വാതന്ത്ര്യം? പ്രധാനമന്ത്രി [illegible] കൊടുക്കുമോന്നു. വീട്ടിലിരുന്നാൽ കൊല്ലുപടിക്കുമെന്നും. പടിക്കുന്ന [illegible] സ്വതന്ത്ര [illegible] സ്വാതന്ത്ര്യം? ഇനി [illegible] ജനനി, പാപമറിയുന്നതിനു മുമ്പു് [illegible] പാപലേശം [illegible] ജനിക്കുകയെന്നു [illegible] പാപലേശമെ

ജീവിക്കുകയും ചെയ്തു. അതുകൊണ്ടു സംഭവിച്ചതോ? മരണം മാറിനിന്നു. ഐഹികജീവിതത്തിന്റെ അവസാനം കന്യകാമറിയം ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടു.

കേവലമൊരു മൃത്യുവല്ലിതു ജീവിതോൽകൃഷ്ടസിദ്ധിയാം

പരി. മാതാവിന്റെ സ്വർഗ്ഗാരോപണത്തെ പരാമർശിച്ച് വി. ജോൺ ഡമഷീൻ പറയുന്നു:

> ദൈവവചനത്തെ അനുസരിച്ചവളും പരിശുദ്ധാത്മാവിനാൽ പൂരിതയും അത്ഭുതകരമായി ദൈവപുത്രനെ ഗർഭം ധരിച്ചു വേദനകൂടാതെ പ്രസവിച്ചവളും തന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചവളുമായ സാക്ഷാൽ ഭാഗ്യവതിയെ മരണം വിഴുങ്ങുമെന്നോ?

എങ്ങനെ ഭൂമി അവളെ തന്നിലാക്കും? ദൈവികജീവൻ മുളയെടുത്ത ആ ശരീരം എപ്രകാരം എങ്ങനെ മണ്ണോടു മണ്ണാകും?

മറിയമേ നിന്റെ വേർപാടിനെ ഞങ്ങളും ഒരിക്കലും മരണമെന്നു വിളിക്കയില്ല. അതു സുഖനിദ്രയാകുന്നു, ദേശാന്തരയാത്രയാകുന്നു, ദൈവമുമ്പാകെയുള്ള നിന്റെ പ്രത്യക്ഷീകരണമാകുന്നു.

ക്രിസ്തുവുമായുള്ള അടുത്ത ബന്ധമാണ് മാതാവിന്റെ സ്വർഗ്ഗാരോപണത്തിനു കാരണമായി വർത്തിച്ചതു്. ക്രിസ്തുനാഥനുമായി ബന്ധം സ്ഥാപിക്കുകയാണ് നമുക്കുള്ള മുക്തിമാർഗ്ഗം. മാതാവിന്റെ നിത്യജീവിതം കൈവരുത്താനുള്ള മാർഗ്ഗമായിരിക്കട്ടെ സ്വർഗ്ഗാരോപണത്തിരുനാളിലെ നമ്മുടെ അന്വേഷണവിഷയം. ○○

അടുത്ത ലക്കത്തിൽ

കുരിശിന്റെ തിരുനാളിനെക്കുറിച്ച് – ഫാദർ ഹെൻട്രി സൂസോ.
മാമോദീസായുടെ പ്രതീകം – ഡോ: തോമസ് കയ്യാലപറമ്പിൽ
സീറോമലബാർ സഭയുടെ അനാഥനാഥാ – ഡോ. തോമസ് മണ്ണൂരാൻപറമ്പിൽ

പത്തിൻ റീത്തിന്റെ പല അനാഫൊറകൾ

www.dukhrana.in

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പുതിയ ഉത്തരവുകൾ, കുറേക്കൂടി പുതിയ ദൈവശാസ്ത്രവീക്ഷണങ്ങൾക്കും ശ്രദ്ധ നല്കി, കഴിഞ്ഞകാലം കണ്ടിട്ടില്ലാത്ത തരത്തിൽ പുരുഷനിറഞ്ഞ അനാഫൊറാ വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളനുസരിച്ച് 1969 ഏപ്രിൽ 3–ാംതു 6–ാം പോൾ മാർപ്പാപ്പാ ''മിസാളെ റൊമാനും'' (Missale Romanum) എന്ന അപ്പസ്തോലികലേഖനം വഴി ല

എല്ലാവരും (1 ാം ക്ലാസുമുതൽ) പത്തിൻ സഭയിൽ 'റോമൻ കാനോൻ' എന്ന ഒരു അനാഫൊറ മാത്രമേ ഉപയോഗിച്ചുവരുന്നുള്ളൂ. എന്നാൽ അടുത്ത കാലത്തായി പല അനാഫൊറകളും സ്വീകരിച്ചിരിക്കുന്നു.

പുതുതായി അംഗീകരിച്ചിരിക്കുന്ന അനാഫൊറകൾ ഏതു പശ്ചാത്തലത്തിലും ഏതൊരു മാനദണ്ഡം വച്ചുമാണ് വിരചിതമായിരിക്കുന്നത് എന്നറിയുന്നതു മലബാർ സഭയുടെ ആരാധനക്രമത്തെപ്പറ്റിയുള്ള പഠനത്തിനു സഹായകരമായിരിക്കും. ഈ അടിസ്ഥാന ചിന്തയിൽനിന്നും ഉരുത്തിരിഞ്ഞതാണ് സാത്താനാ ശ്രേഷ്ഠാദ്ധ്യക്ഷനായ മാർ എബ്രാഹം മറ്റത്തിന്റെ ഈ ലേഖനം.

കും സൃഷ്ടിച്ചുകൊണ്ട് പത്തീൻ സഭ പുരോഗമിക്കുമ്പോൾ സീറോ മലബാർ സഭ പഴഞ്ചൻ കൽദായ അനാഫൊറായും പേറിക്കൊണ്ട് പശ്ചാത്ഗമനം ചെയ്യുന്നു എന്നു പലരും കരുതുന്നു.

ത്തീൻ സഭയ്ക്കു പൊതുവായി നാലു് അനാഫൊറാകളും അഥവാ എവുക്കറിസ്റ്റിക് പ്രാർത്ഥനകളും അംഗീകരിച്ചു പ്രസിദ്ധീകരിച്ചു. 5–ാം നൂറാണ്ടോടുകൂടി പത്തീൻ സഭയിൽ റോമൻ കാനോൻ രൂപം പ്രാപിച്ചു

അത്തമാത്രം ഉപയോഗിച്ചവന്ന എങ്കിലും പൗരസ്ത്യസഭകളിൽ പല അനാഫൊറാകളും സ്വീകരിച്ചിരുന്ന എന്നു് പ്രസ്തുത ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ടു്. അതായതു്, പൗരസ്ത്യറീത്തുകളിൽ പല അനാഫൊറാകളും ഉപയോഗത്തിലിരിക്കുന്ന എന്ന വസ്തുത ലത്തീൻ സഭയിൽ ഒന്നിലധികം കാനനകളും അംഗീകരിക്കുന്നതിനു ന്യായീകരണമായി ചൂണ്ടിക്കാണിക്കുന്നുവെന്നതത്രേ.

സീറോ മലബാർ സഭയിൽ, പൗരസ്ത്യ സുറിയാനി ക്രമമനുസരിച്ചു്, മൂന്നു് അനാഫൊറാകളും ഉപയോഗിച്ചിരുന്നു. രണ്ടും മൂന്നും അരോ മലബാർ റീത്തും പുനരുദ്ധരിക്കപ്പെട്ട കർബാനയും, വിൻസെൻഷ്യൻ പബ്ലിഷിംഗു് ബ്യൂറോ, പച്ചാളം, എറണാകുളം). സത്യദീപത്തിന്റെ കോപ്പികളും കൈവശമില്ല്ലു. പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്. അതു് ഉദ്ധരിക്കട്ടെ: ''രണ്ടാമത്തേതും മൂന്നാമത്തേതും അനാഫൊറാകളും, കർബാനയിലും റാസയിലും തിരുനാളുകളിൽ ചൊല്ലേണ്ട പ്രത്യേകപ്രാർത്ഥനകളും .... ഇനിയും മലയാളത്തിലേയ്ക്കു് തർജ്ജമചെയ്തു നടപ്പിലാക്കേണ്ടിയിരിക്കുന്നു.'' അവ അംഗീകരിച്ചു കിട്ടിയിട്ടു് 25 കൊല്ലം കഴിഞ്ഞിട്ടും നടപ്പിലാക്കിയിട്ടില്ല എന്ന വസ്തുത അവശേഷിക്കുന്നു.

മാർ എ(ബാഹം മറുപടി

നാഫൊറാകളും ''തെയൊദോറിന്റെയും നെസ്തോറിയസിന്റെയും'' പേരിൽ അറിയപ്പെട്ടിരുന്നതുകൊണ്ടു് അവയുടെ ഉപയോഗം ഉദയം പേരൂർ സൂനഹദോസ്സു് നിരോധിച്ചു. 1959–ൽ മലബാർ സഭയുടെ ആരാധനക്രമം നവീകരിച്ച അവസരത്തിൽ ഈ രണ്ടു് അനാഫൊറകളുംകൂടി ഉപയോഗിക്കുവാൻ പരിശുദ്ധ സിംഹാസനം അംഗീകാരം നൽകുകയുണ്ടായി.

ഇവിടെ ഒരു കാര്യം അനുസ്മരിക്കുകയാണു്. 1962–ൽ നമ്മുടെ ആരാധനക്രമത്തെപ്പറ്റി ഒരു ലേഖനപരമ്പര ഞാൻ സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തി. 1963–ൽ ആ ലേഖനങ്ങളും സമാഹരിച്ചു് പുസ്തകരൂപത്തിലാക്കുകയുംചെയ്തു. (സീ

ഒരു ദുഃഖസത്യം

ഒരു വിരോധാഭാസമാണു് ഇവിടെ നാം ദർശിക്കുന്നതു്. നമ്മുടെ ആരാധനക്രമത്തിന്റെ സമ്പന്നതയെപ്പറ്റി സ്വതന്ത്രമായി വിലയിരുത്തുവാൻ നമുക്കു കഴിയുന്നില്ല. പൗരസ്ത്യ റീത്തുകാർ പല അനാഫൊറാകളും ഉപയോഗിക്കുന്നു എന്നു കണ്ടുകൊണ്ടു് ലത്തീൻ സഭക്കാർ ഒന്നിലധികം അനാഫൊറാകളും നടപ്പിലാക്കി. അപ്പോഴാണു് നമ്മളും ചിന്തിച്ചു തുടങ്ങുന്നതു്, നമുക്കും അതുപോലെ പല അനാഫൊറാകളും വേണ

www.dukhrana.in

മെന്നു്. അതു നമ്മുടെ അവകാശമാണു്. സമയം ചെയ്യും അതു പിടിച്ചുപറ്റണം എന്നു വരെ പോകുന്നവാദഗതി. പക്ഷേ ഇതുപണ്ടേ നമുക്കുള്ളതാണെന്ന കാര്യം പാടേ വിസ്മരിക്കുന്നു.

ഒന്നാമത്തെ അനാഫൊറാ

റോമൻ മിസാളിലെ ഒന്നാമത്തെ അനാഫൊറാ റോമൻ കാനൻ എന്ന പേരിൽ അറിയപ്പെടുന്നു. 5–ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഇതു രൂപം കൊണ്ടു. 7–ാംനൂറ്റാണ്ടിനുശേഷം അതിൽ കാര്യമായ യാതൊരു മാറ്റവും വന്നിട്ടുമില്ല.

ചില വിശുദ്ധരുടെ പേരുകൾ എടുത്തു പറഞ്ഞുകൊണ്ടുള്ള പ്രാർത്ഥനകൾ ആവർത്തിക്കുന്നുണ്ടു്. 604-ൽ മഹാനായ ഗ്രിഗറി മാർപ്പാപ്പായുടെ കാലംമുതൽ 1962–ൽ 23–ാം ജോൺ മാപ്പ്പ്പാ വി. യൗസേപ്പിന്റെ നാമം കൂട്ടിച്ചേർക്കുന്നതുവരെ അതുമാറ്റമേശാതെ തുടർന്നു.

പലകാലങ്ങളിലായി നടന്നിട്ടുള്ള കൂട്ടിച്ചേർക്കലുകളും ആവർത്തനങ്ങളും നിമിത്തം ഈ അനാഫൊറായിൽ ഏതാനും പരിഷ്കാരങ്ങൾ വരുത്തുന്നതു നന്നായിരിക്കുമെന്ന അഭിപ്രായമുണ്ടായിരുന്നു. എന്നാൽ ''ലിറർജി പണ്ഡിതന്മാരുടെ സമ്മർദ്ദം ഉണ്ടായിരുന്നിട്ടും പുരാതനമായ റോമൻ കാനൻ യാതൊരു മാറ്റവും കൂടാതെ പാലിക്കുവാനാണു് പരിശുദ്ധസിംഹാസനം അഭിലഷിച്ചതു്.'' (Souligu, A Commentary on the prefaces and Eucharistic prayer of the Roman Missal, Collegeville, 1971 p. 253).

രണ്ടാമത്തെ അനാഫൊറാ

റോമൻ കുബ്ബാനക്രമത്തിലെ 4 അനാഫൊറകളിലും പൊതുവായ ഘടനയും രൂപവുമാണു്, അംഗീകരിച്ചിരിക്കുന്നതു്. രണ്ടാമത്തെ അനാഫൊറായും അതിന്റെ പ്രാരംഭവും (Preface) 3–ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന വി. ഹിപ്പോളിറ്റസിന്റെ കർബാനയെ ആധാരമാക്കിയാണു് രചിച്ചിട്ടുള്ളതു്. വി.പൗലോസിന്റെയും നിക്യായിലെ വി. ഇഗ്നേഷ്യസിന്റെയും (2–ാം നൂറ്റാണ്ടു്) ലേഖനങ്ങളിൽനിന്നും ഡിഡാക്കെ ഗ്രന്ഥത്തിൽ (1–ാംനൂറ്റാണ്ടു് അവസാനം) നിന്നും പുരാതനമായ ചില പ്രാർത്ഥനകളും സ്വീകരിച്ചിട്ടുണ്ടു്. (Souligu op. cit. p. 269)

ലൂസിയൻ ഡേയിസ്സു് (Lucien Deiss) എന്ന ഗ്രന്ഥകാരൻ ഈ അനാഫൊറായെപ്പറ്റി പറയുന്നു.

''15–നൂറ്റാണ്ടുകാലത്തോളം വിസ്മരിച്ചശേഷം വി. ഹിപ്പോളിറ്റസിനെ റോമൻറീത്തു് വീണ്ടും അനുസ്മരിച്ചതും അദ്ദേഹത്തിന്റെ കാനൻ രണ്ടാമത്തെ അനാഫൊറായുടെ അടിസ്ഥാനമായി ഉപയോഗിച്ചു തുടങ്ങുകയും ചെയ്തിരി

www.dukhrana.in

ക്കുന്നു.'' (Lucien Deiss, It is the Lord's Supper, p. 37)

മൂന്നാമത്തെ അനാഫൊറാ

പുതിയ കാനനുകാരംക്കു പൊതുവായി അംഗീകരിച്ചിരിക്കുന്ന ചട്ടക്കൂട് തന്നെ ഇതിനു മാർഗ്ഗദർശകമായിരിക്കുന്നു. വേദപുസ്തകത്തിനു പുറമേ സ്ഥാപിതാക്കന്മാരേയും പുരാതനമായ ഗാല്ലിക്കൻ, സ്പാനീഷ് ആരാധനക്രമങ്ങളെയും ആണ് ഇതു് ആധാരമായി ഉപയോഗപ്പെടുത്തിയിരിക്കുന്നതു്.

റോമൻ കാനനിൽ 23-ാം ജോൺ മാപ്പ്പ്പാ വി. യൗസേപ്പിന്റെ നാമം കൂട്ടിച്ചേർത്തുകിലും ഇതിൽ മറ്റു വിശുദ്ധരുടേയും പേരുകളും വിട്ടുകളഞ്ഞിരിക്കുകയാണു്.

''ഈ അനാഫൊറാ (3-ാമത്തെ) അതിന്റെ ഭംഗിയായ ശൈലിയും ആശയഗതിയും നിമിത്തവും വേദപുസ്തകത്തിൽ നിന്നും സ്ഥാപിതാക്കന്മാരിൽനിന്നും പുരാതനമായ ഗാല്ലിക്കൻ, സ്പാനീഷ് ആരാധനക്രമങ്ങളിൽനിന്നും ഉള്ള നിരവധി ഉദ്ധരണികളും നിമിത്തവും വിലമതിക്കപ്പെടും'' (Souligu op cit. P 276)

നാലാമത്തെ അനാഫൊറാ.

അപ്പസ്തോലന്മാരുടെ നിയമസംഹിത (Constitutiones Apostolorum) എന്ന പുരാതനകൃതിയെയാണു് ഈകാനൻ ആശ്രയമാക്കിയിരിക്കുന്നതു്. 375- ഓടുകൂടി അന്ത്യോക്യയിൽ വിരചിതമായ ഒരു ഗ്രന്ഥസമുച്ചയമാണു് അപ്പസ്തോലന്മാരുടെ നിയമസംഹിത. അതിൽ 8-ാമത്തെ ഗ്രന്ഥത്തിൽ ഒരു കർബാനക്രമം നല്കിയിട്ടുണ്ടു്. റോമിലെ വി. ക്ലെമന്റ് (2-ാം നൂറ്റാണ്ടു്) ആണു് അതിന്റെ രചയിതാവെന്നു കരുതപ്പെടുന്നു.

ജെ. എച്ചു്. എമ്പിംഗ്ഹൗസ് എന്ന ഗ്രന്ഥകാരന്റെ വാക്കുകളിൽ ''4-ാമത്തെ ഈ അനാഫൊറായെ സംബന്ധിച്ചിടത്തോളം അതിന്റെ കാതൽ അപ്പസ്തോലന്മാരുടെ നിയമസംഹിത (Constitutiones Apostolorum) എന്ന അന്ത്യോക്യൻ ഗ്രന്ഥത്തിൽ നിന്നു സ്വീകരിച്ചിരിക്കുന്നു.... ഘടനയുടെ കാര്യത്തിൽ ഇതും യഹൂദാചാരമനുസരിച്ചു് ക്ഷേണത്തെത്തുടർന്നു് ഉപയോഗിച്ചിരുന്ന പ്രാർത്ഥനക്രമത്തിൽനിന്നാണു രൂപം കൊണ്ടിട്ടുള്ളതു്.'' (J.H. Emminghaus, The Eucharist, Collegeville, 1978, p. 187)

1974-നവംബർ 1-ാംനു- വരെ 5-അനാഫൊറകളും കൂടി പരിമിതമായ ഉപയോഗത്തിനു് റോമിലെ തിരുസംഘം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അവ ഇപ്പോഴും പ്രതിപാദന വിഷയമാക്കുന്നില്ല.

സഭാപാരമ്പര്യം പ്രധാനം.

മുകളിൽ നൽകിയ വിവരങ്ങ

(ശേഷം 27-ാം പേജിൽ)

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പല പ്രമാണരേഖകളും ദൈവമാതാവായ പരി. കന്യകാമറിയത്തെ പരാമർശിക്കുന്നുണ്ട്. ആരാധനക്രമത്തെ സംബന്ധിക്കുന്ന തിരുസ്സഭയുടെ 103-ാം ഖണ്ഡികയിൽ മറിയത്തിനു സഭയിലുള്ള അദ്വിതീയസ്ഥാനം എടുത്തു പറയുന്നു. വൈദികർക്കും സന്യസ്തർക്കും വൈദികവിദ്യാർത്ഥികൾക്കും മറിയത്തോടുണ്ടായിരിക്കേണ്ട മാതൃനിർവ്വിശേഷമായ സ്നേഹബന്ധത്തെപ്പറ്റിയും അതിൽ പരാമർശമുണ്ട്. (PO 24; PC 25; OT 8) പൗരസ്ത്യസഭകളെക്കുറിച്ചുള്ള ഡിക്രിയിൽ പരി. മാതാവു വഴിയാണ് ക്രൈസ്തവർ ഒന്നാകുന്നതെന്നു പ്രസ്താവിക്കുന്നു (വ. 30). മറിയത്തിന്റെ ദൈവമാതൃത്വം സംബന്ധിച്ചു പൗരസ്ത്യസഭകളുടെ പ്രബോധനം കൗൺസിൽ ഉദ്ധരിക്കുകയും അവരുമായുള്ള വീക്ഷണ വ്യത്യാസങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു (UR 15, 20), അല്മായ

പരിശുദ്ധ മറിയം കൗൺസിൽ രേഖകളിൽ

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ പരി. കന്യകാമറിയത്തെക്കുറിച്ച് ഒരദ്ധ്യായമുണ്ട്. മാതാവിനെക്കുറിച്ചുള്ള സഭയുടെ പഠനം അതു ഉൾക്കൊള്ളുന്ന ആ അദ്ധ്യായത്തെ മുൻനിർത്തിയുള്ള ഒരവലോകനമാണ് ഈ ലേഖനം.

www.dukhrana.in

പ്രേഷിതത്വത്തെക്കുറിച്ചു പറയുമ്പോൾ, അല്മായരുടെ സർവ്വോത്തമ മാതൃകയാണ് പരി. മാതാവെന്നു പ്രഖ്യാപിക്കുന്നു. (വ. 4). അക്രൈസ്തവ മതങ്ങളെ സംബന്ധിച്ച പ്രഖ്യാപനത്തിലും പരി. കന്യകാമറിയത്തെ പരാമർശിക്കുന്നുണ്ട്.

കൗൺസിലിന്റെ ലക്ഷ്യം

പരി. മറിയത്തോടുള്ള ഭക്തി

തിരുസ്സഭയിൽ എക്കാലവുമുള്ളതാണ്. ദിവ്യരക്ഷകന്റെ മാതാവ് എന്ന അതുല്യമായ സ്ഥാനമാണ് അവളെ തിരുസ്സഭയുടെ വണക്കത്തിന് അർഹയാക്കിയത്. എങ്കിലും മറിയത്തിനു സഭയിലുള്ള സ്ഥാനം പല ദൈവശാസ്ത്രവിവാദങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. ഒരു കൂട്ടർ, രക്ഷാകരപദ്ധതിയിൽ മറിയത്തിനുള്ള സ്ഥാനം അഗ്രഗണ്യമെന്നു ഉൽഘോഷിച്ചു. ഇത് മാതാവിനെ സംബന്ധിച്ച ഒട്ടേറെ ഭക്തിപ്രസ്ഥാനങ്ങൾക്കു കാരണമായി. മറെറാരു കൂട്ടർ മറിയത്തിനു

പരി. കന്യകയെക്കുറിച്ചുള്ള അദ്ധ്യായത്തിന് 5 ശീർഷകങ്ങളുണ്ട്. പ്രാരംഭം, രക്ഷാകരപദ്ധതിയിൽ മറിയത്തിന്റെ സ്ഥാനം, പരിശുദ്ധ കന്യകയും സഭയും, സഭയിൽ പരി. കന്യകയോടുള്ള ഭക്തി, ഉപസംഹാരം. പ്രാരംഭ ഖണ്ഡികകളിൽ (52–54), വിശദീകരിക്കാൻ പോകുന്ന സംഗതികളുടെ ഒരു രൂപരേഖ നൽകുന്നു. ദൈവത്തോട് പ്രത്യേക വിധത്തിൽ സഹകരിച്ച പരി. മാതാവ് മനുഷ്യവർഗ്ഗത്തിലെ ഒരംഗംകൂടിയാകുന്നു. അവൾ അതിവിശിഷ്ടമായ

ജോഴ്ജ് കുടിലിൽ

രക്ഷാകരപദ്ധതിയിലുള്ള സമർഹമായ സ്ഥാനം നിഷേധിച്ചു. ഈ വിരുദ്ധ ചിന്താഗതികളുടെ മദ്ധ്യത്തിലാണ് മറിയത്തിന്റെ സ്ഥാനവും സഭാപരമായ പ്രാധാന്യവും നിർവ്വചിക്കുവാൻ കൗൺസിൽ ഉദ്യുക്തമായത്. വേദപുസ്തകത്തിലും സഭാപാരമ്പര്യത്തിലും അധിഷ്ഠിതമായ മാതൃഭക്തി വ്യക്തമാക്കുക, മറിയത്തിന് രക്ഷാകരപദ്ധതിയിലുള്ള സ്ഥാനവും ക്രൈസ്തവജീവിതത്തിലും സഭയിലും അവൾക്കുള്ള മാദ്ധ്യസ്ഥ്യവും സ്പഷ്ടമാക്കുക, ഇതര ക്രൈസ്തവസഭകൾക്കും മനസ്സിലാകുന്ന വിധത്തിൽ സഭയുടെ വിശ്വാസം ഏററുപറയുക എന്നിവയായിരുന്നു കൗൺസിലിന്റെ ലക്ഷ്യം.

തരത്തിൽ രക്ഷിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് മനുഷ്യാവതാര രഹസ്യത്തിലും മൗതികശരീരത്തിലും മറിയത്തിന്റെ സ്ഥാനമെന്തെന്നു വിശദീകരിക്കാനാണ് കൗൺസിൽ ആഗ്രഹിക്കുന്നത്.

രക്ഷാകരപദ്ധതിയും മറിയവും (55–59)

രക്ഷാകരപദ്ധതിയിലുള്ള മറിയത്തിന്റെ സ്ഥാനം പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. രക്ഷാകരപദ്ധതിയിൽ സ്ത്രീയെക്കുറിച്ചുള്ള പരാമർശനങ്ങൾ മറിയത്തിൽ നിറവേറിയതായി കാണാം. (ഉൽപ 3, 15; ഏശ 7, 14;

മിഖ 5, 2–3; മത്താ 1, 22–23). ഇതുകൊണ്ട് മറിയം ദൈവത്തിന്റെ നിഷ്ക്രിയമായ ഉപകരണം മാത്രമായിരുന്നെന്നു വരുന്നില്ല. മംഗലവാർത്താവേളയിലെ അവളുടെ ബോധപൂർവ്വകമായ മറുപടിയാണ് രക്ഷാകരപദ്ധതിയിൽ അവളെ പങ്കുകാരിയാക്കിയത്. ദൈവമാനം മറിയം സ്വതന്ത്രമായി തെരഞ്ഞെടുക്കുന്ന അമൂല്യനിമിഷമാണ് മംഗലവാർത്താവേള.

രക്ഷാകരപദ്ധതിയിൽ സഹകരിച്ചതുവഴിയാണ് മറിയത്തിനു മഹത്വം സംലബ്ധമായത്. ഈശോയുടെ ശൈശവം, പരസ്യജീവിതം, ജീവിതാന്ത്യം എന്നീ ഘട്ടങ്ങളിൽ അവൾ ഏപ്രകാരം ഈ സഹകരണം പ്രകടമാക്കിയെന്ന് വി. ലിഖിതത്തിലെ പരാമർശനങ്ങളുടെ വെളിച്ചത്തിൽ കാൺസിൽ വിശദമാക്കുന്നു. പുത്രന്റെ വേദനകളിൽ മറിയം എന്നേപ്പോലെ പങ്കുകൊണ്ടു. കർത്താവിന്റെ ഉത്ഥാനാനന്തരം പരി. മറിയം ശ്ലീഹന്മാരോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു. സ്വർഗ്ഗാരോപണത്തിലൂടെ അവൾ പറുദീസായിലെ നിത്യസൗഭാഗ്യത്തിലേയ്ക്കു പ്രവേശിച്ചു.

പരി. കന്യകയും സഭയും (60–65)

ഈ ഭാഗത്തു സഭാജീവിതത്തിൽ പരി. മറിയത്തിനുള്ള സ്ഥാനമെന്തെന്നു വ്യക്തമാക്കുന്നു. ആദ്യ ഖണ്ഡികയിൽ മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നു. ഒരേയൊരു മദ്ധ്യസ്ഥനേ നമുക്കുള്ളൂ – ഈശോമിശിഹാ. (1 തിമോ 2, 5–6). മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിന്റെ അടിസ്ഥാനം ഈശോയുടെ മാദ്ധ്യസ്ഥ്യമാണ്. മറിയം, ഈ മാദ്ധ്യസ്ഥ്യം കൂടുതൽ ഫലദായകമാക്കാൻ സകാരുണ്യങ്ങളെ സഹായിക്കുന്നു. കാരണം അവൾ രക്ഷാകർമ്മത്തിൽ വിശേഷവിധിയായി സഹകരിച്ചവല്ലൊ. മറിയത്തിന്റെ ഈ സഹകരണം, അവളുടെ മാതൃസഹജമായ പുത്രവാത്സല്യം എന്ന നിലയിൽ ലോകാവസാനംവരെ ലഭിക്കുകയും ചെയ്യും. ഈശോയുടെ ഏകമാദ്ധ്യസ്ഥ്യത്തിലുള്ള സൃഷ്ടികളുടെ സഹകരണത്തിന്റെ സർവ്വോത്തമമാതൃകയാണ് മറിയം.

തിരുസ്സഭയുടെ മാതൃകയും പ്രതിരൂപവുമാണ് പരി. മറിയം. കാരണം വിശ്വാസം, ഉപവി, ക്രിസ്തുവിനോടുള്ള സാത്മീകരണം എന്നീ കാര്യങ്ങളിൽ സഭയ്ക്ക് ഏറ്റവും നല്ല അദ്ധ്യാപിക മറിയമാകുന്നു. മറിയത്തെപ്പോലെ സഭയും ഒരു മാതാവാണ് – വിശ്വാസികളുടെ; കന്യകയാണ് – ദിവ്യമണവാളനോടുള്ള വിവാഹവാഗ്ദാനം കാത്തുസൂക്ഷിക്കുന്നതിനാൽ.

സഭയിലെ മറിയഭക്തി (66. 67)

ആദ്യത്തെ സഭാംഗവും ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടവളുമായ

www.dukhrana.in

മാതാവിന്റെ അദ്വിതീയസ്ഥാനം ആദിമകാലംമുതൽക്കേ സഭ അംഗീകരിച്ചിരുന്നു. മറിയഭക്തി അതിശയോക്തിപരമാകാതെയും ദൈവത്തെ ആരാധിക്കുന്നതിന് വിഘാതമാകാത്തതുമായിരിക്കണം. ഇതര ക്രൈസ്തവസഭകൾക്കോ മററാർക്കെങ്കിലുമോ തെററിദ്ധാരണ ഉളവാകുന്നവിധത്തിൽ കന്യകാമറിയത്തിന്റെ പേരിൽ അതിവർണ്ണനയും അതിരുകടന്ന ഭക്താഭ്യാസങ്ങളും പാടില്ല.

ഉപസംഹാരത്തിൽ (68–69)

മറിയം, ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിനു സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമാണെന്നു പ്രഖ്യാപിക്കുന്നു. സഭയുടെ പ്രഥമാംഗമായ അവളെപ്പോലെ നമ്മൾക്കും നിത്യരക്ഷയുണ്ട്. സഭാംഗങ്ങളെയും മാനവകുടുംബത്തിലെ സമസ്താംഗങ്ങളേയും മാതാവ് തന്റെ മാദ്ധ്യസ്ഥ്യംവഴി സഹായിക്കും.

രത്നച്ചുരുക്കം

പരി. മറിയത്തെക്കുറിച്ചുള്ള ദൈവശാസ്ത്രധാരണകൾക്കു നിയതരൂപം കൗൺസിൽ നൽകി. ഈ പ്രമാണരേഖ വായിക്കുമ്പോൾ മൂന്നു സുപ്രധാന കാര്യങ്ങൾ മനസ്സിൽ വയ്ക്കേണ്ടതുണ്ട്. ഒരു സൃഷ്ടിയായ മറിയത്തെ ദൈവമാതാവെന്നു വിളിക്കുമ്പോൾ നാമർത്ഥമാക്കേണ്ടത്, ദൈവ, മനുഷ്യസ്വഭാവങ്ങൾ ഒന്നിച്ചുചേർന്നിരുന്ന ഈശോമിശിഹായ്ക്ക് അവൾ ജന്മം നൽകിയെന്നാണ്; അല്ലാതെ അവൾ ദൈവത്വത്തിന്റെ മാതാവാണെന്നല്ല. രണ്ടാമതായി മറിയവും ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട ഒരു സൃഷ്ടിയാണ്. മൂന്നാമതായി ക്രിസ്തു സ്ഥാപിച്ച സഭയിലെ ഒരംഗമാണു മറിയം. പക്ഷേ ഇതുകൊണ്ട് അവളുടെ ദൈവമാതൃസ്ഥാനത്തിനു മങ്ങലേൽക്കുന്നില്ല.

പരി. മറിയം പൗരസ്ത്യസഭാ പാരമ്പര്യങ്ങളിൽ

സെലൂഷ്യാ–സ്റ്റെസിഫോൺ കേന്ദ്രമാക്കി വികസിച്ചുവന്ന പൗരസ്ത്യ സുറിയാനിസഭയ്ക്ക് പരി. മാതാവിനോടുള്ള ഭക്തി അന്യാദൃശമാണ്. മാതാവിന്റെ മഹത്വം മുഴുവനും അവൾക്കു പുത്രനോടുള്ള ബന്ധത്തിൽനിന്നുളവാകുന്നതാണെന്ന് ഈ സഭയുടെ പിതാക്കന്മാരും ആരാധനക്രമഗ്രന്ഥങ്ങളും വ്യക്തമാക്കുന്നു, ഒരു സഭയുടെ വിശ്വാസത്തിന്റെ ലിഖിതരൂപമാണല്ലോ അതിന്റെ ആരാധനക്രമകൃതികൾ. ''അനുഗൃഹീതയായ അങ്ങേ മാതാവിന്റെ പ്രാർത്ഥനയാൽ'' ശക്തരാക്കണമെന്നും സ്വർഗ്ഗത്തിൽ അങ്ങേ വിശുദ്ധ കൂടാരത്തിൽ അവളോടൊത്ത് തങ്ങളേയും പങ്കുകാരാക്കണമെന്നും ഒരു യാമപ്രാർത്ഥനയിൽ കാണുന്നു.

പുത്രനായ ദൈവത്തിന്റെ മാതാവ് എന്നു സ്പഷ്ടമായി ഉപയോഗിക്കുന്നതിന്റെ കാരണം നിസിബിസിലെ ഈശോയാബ് പാത്രിയർക്കീസിന്റെ വിശ്വാസപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് 'ദൈവമാതാവ്'' എന്നു വിളിക്കുമ്പോൾ 'ത്രിത്വ'ത്തിനാണ് മാതാവ് ജന്മംകൊടുത്തതെന്ന് അറിവില്ലാത്തവർ കരുതാനിടയുണ്ട്. ആ തെററിദ്ധാരണ ഒഴിവാക്കുകയാണു ലക്ഷ്യം. എന്നാൽ ദൈവത്വവും മനുഷ്യത്വവും സംയോജിച്ചിരിക്കുന്ന ക്രിസ്തുവിനു ജന്മം നൽകി എന്ന വസ്തുത ഏററു പറയുകയും ചെയ്യുന്നു. (വന്ദ്യ പ്ലാസിഡച്ചന്റെ ലേഖനം കാണുക, ക്രിസ്ത്യൻ ഓറിയൻറ്, വാല്യം 2, നമ്പർ 4, പുറം 166–183).

സഭാപിതാക്കന്മാർ

സഭാപിതാക്കന്മാരായ എപ്രേം, ഇരണേവൂസ്, ഇഗ്നേഷ്യസ്, ജെറോം, ജസ്റ്റിൻ, തെർത്തുല്ല്യൻ, അഗസ്റ്റിൻ തുടങ്ങിയവരെല്ലാം ദിവ്യജനനിയുടെ അപദാനങ്ങൾ കീർത്തിച്ചിട്ടുള്ളവരാണ്. അവരുടെ മാതൃദർശനങ്ങൾ സഭയുടെ മുതൽക്കൂട്ടാണ്. അവ വേദപുസ്തകത്തിലും അപ്പസ്തോലിക പാരമ്പര്യത്തിലും അടിയുറച്ചതുമാണ്. അവയിൽനിന്നു വ്യതിചലിച്ച്, രക്ഷാകരകർമ്മത്തിൽ മറിയത്തിനുള്ള സ്ഥാനം അതിവർണ്ണന ചെയ്തതാണ് അകത്തോലിക്കാ സമൂഹങ്ങൾക്ക് അസ്വീകാര്യമായത്. തന്മൂലം മാതാവിനെ സംബന്ധിച്ചു പിതാക്കന്മാർക്കുള്ള കാഴ്ചപ്പാടിലേയ്ക്കു പിന്തിരിയുവാനുള്ള ശ്രമമാണു കൗൺസിലിൽ നടന്നത്. സഭാപിതാക്കന്മാരെ പ്രമാണരേഖയുടെ ഈ ഭാഗത്ത് വളരെയേറെ പരാമർശിച്ചിട്ടുണ്ട്.

ഈശോയോടൊപ്പമുള്ള ഒരു മധ്യസ്ഥയല്ല മറിയം. അവളുടെ മാഹാത്മ്യം മുഴുവനും ക്രിസ്തുവിനോടുള്ള ബന്ധത്തിൽ അധിഷ്ഠിതമാണ്. മറിയത്തോടുള്ള വണക്കത്തിലും ഇക്കാര്യമാണ് മുന്നിൽ നില്ക്കേണ്ടത്. ''വേദപുസ്തകപരവും ക്രിസ്തുകേന്ദ്രീകൃതവും സഭാത്മകവും ആരാധനക്രമപര''വുമായ ഒരു മരിയശാസ്ത്രമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ദർശനം ചെയ്യുന്നത്. ക്രിസ്തുവിന്റെ മഹത്വത്തിലും മാധ്യസ്ഥ്യശക്തിയിലും വിശേഷവിധത്തിൽ ''പങ്കുപററുന്ന''താണ് മറിയത്തിന്റെ മഹിമയ്ക്കു കാരണം.

www.dukhrana.in

അറബി പേർഷ്യൻ ഭാഷികളും മാർതോമ്മാക്രിസ്ത്യാനികളും

കേരള ക്രൈസ്തവസമൂഹം പേർഷ്യയുമായി ചില ബന്ധങ്ങളുണ്ടായിരുന്നു എന്നു ചരിത്രകാരന്മാർ പറയാറുണ്ട്. ക്രിസ്തുവർഷം അഞ്ചാം ശതകത്തിനുശേഷം പേർഷ്യയിലെ ക്രൈസ്തവ സഭ, നെസ്റ്റോറിയൻ പാഷണ്ഡതയിൽപെട്ടുപോയിരുന്നതിനാൽ ആ സഭയുമായുണ്ടായിരുന്ന കേരള സഭയും നെസ്തോറിയനായിരുന്നു എന്നു കരുതുന്നവരും ഇല്ലാതില്ല. ഈ ''ശീശ്മ''യിൽനിന്നു കേരള സഭയെ രക്ഷിക്കുവാൻ ചാടിപ്പുറപ്പെട്ട പോർത്തുഗീസുകാർ ഉടനേ ശ്രീ സൂനഹദോസു് വിളിച്ചുകൂട്ടിയ കഥ പ്രസിദ്ധമാണല്ലോ. എന്നാൽ ആ സൂനഹദോസു് നിയമാനുസൃതമുള്ളതായിരുന്നില്ലെന്നും കേരളസഭയിൽ ശീശ്മയുണ്ടായിരുന്നുവെങ്കിൽ സൂനഹദോസിനു ശേഷവും അതു തുടരുകയാണു ചെയ്തിട്ടുള്ളതെന്നും, ആധുനിക സഭാപൗരാണികസഭയുടെ തുടർച്ചയാണെങ്കിൽ ഇന്നു ശീശ്മയില്ലാത്ത സ്ഥിതിക്കു അന്നും അതു് ഉണ്ടായിരുന്നില്ല എന്നുമൊക്കെ അഭിപ്രായങ്ങളുണ്ടു്. ഈ വാദപ്രതിവാദങ്ങളിൽ കക്ഷിചേരുവാൻ ലേഖകനു് ഉദ്ദേശ്യമില്ല. എന്നാൽ മറ്റു ചില ലക്ഷ്യങ്ങൾകൊണ്ടു് കേരള സഭയുടെ അറബി പേർഷ്യൻ ബന്ധങ്ങളും സംബന്ധിച്ചു് അല്പം വെളിച്ചം നൽകാൻ ശ്രമിക്കുകയാണിവിടെ.

കേരളക്രൈസ്തവരുടെ ആരാധനാഭാഷയിൽ അറബി–പേർഷ്യൻ ഭാഷയുടെ സ്വാധീനം വ്യക്തമായി കാണാം. നമ്മുടെ ലിറർജിയിൽ ഉപയോഗിക്കുന്ന അറബി–പേർഷ്യൻ പദങ്ങളുടെ സന്നിദ്ധ്യം മലങ്കരനസ്രാണികൾക്കു് ആ രാജ്യങ്ങളിലെ ജനതകളുമായുണ്ടായിരുന്ന ഉറ്റ ബന്ധത്തെ സൂചിപ്പിക്കുന്നു. മാർതോമ്മാക്രിസ്ത്യാനികളുടെ പേർഷ്യൻ ബന്ധത്തെ സമർത്ഥിക്കുന്നതാണു് ഈ ലേഖനം.

നമ്മുടെ ആരാധനഭാഷ

കേരള ക്രിസ്ത്യാനികളുടെ സുറിയാനി ഉച്ചാരണത്തിലെ ഒരു പ്രത്യേകത ഘർഷിതമായ 'ത' കാരം 'സ'കാരമായി ഉച്ചരിക്കപ്പെടുന്നു എന്നതാണു്. മാർമോടീസാ എന്നതിലെ അവസാനത്തെ അക്ഷരം സുറിയാനി മാതൃകയിൽ thin (തീൻ) എന്നതിലെ th (ത) പോലെയാണു് ഉച്ചരിക്കേണ്ടതു്

(മാമോദീസാ) എന്നാൽ അതു സകാരമായിട്ടാണല്ലോ കേരള ക്രിസ്ത്യാനികളും എന്നും ഉച്ചരിച്ചുപോന്നിട്ടുള്ളതു്. ഇതു പേർഷ്യൻ ഭാഷയിൽ നിലവിലുള്ള ഒരു സ്വഭാവമാകുന്നു. പഹ്‌ലവി എന്നപേരിൽ അറിയപ്പെടുന്ന മധ്യകാല പേർഷ്യനിൽ ഏഴാം നൂറ്റാണ്ടിനുശേഷം ധാരാളം അറബി പദങ്ങളും കടന്നുവന്നു. (ക്രി. വ. 641 മുതൽ രണ്ടു നൂറ്റാണ്ടുകാലത്തേക്കു് പേർഷ്യ അറബികളുടെ ഭരണത്തിൻ കീഴിലായിരുന്നു. അക്കാലത്തു് അറബിയുടെ ലിപിമാലയും പേർഷ്യൻ ഭാഷ സ്വീകരിച്ചു. (ഇന്നും അറബി ലിപിയിലാണു പേർഷ്യൻ എഴുതുന്നതു്.) അറബിക്കു പഹ്‌ലവിയിലില്ലാത്ത ചില വർണ്ണങ്ങളുള്ളതിൽ ഒന്നാണു് ഘർഷിതമായ തകാരം. ലിപി സ്വീകരിച്ചെങ്കിലും പേർഷ്യക്കാർ അറബിയിലെ ഉച്ചാരണം സ്വീകരിച്ചില്ല. ഇന്നും ഘർഷിതമായ തകാരം പേർഷ്യനിൽ സകാരമായി ഉച്ചരിക്കപ്പെടുന്നു. ഈ മാറ്റങ്ങളും വരുത്തിയതു് കേരളത്തിൽവന്ന പേർഷ്യക്കാരായ പുരോഹിതന്മാരായിരിക്കാം. മാമ്മോദീസാ എന്ന ഉച്ചാരണം പ്രചരിപ്പിച്ചതു് ഇവരാകാം. ഘർഷിതമായ തകാരത്തിന്റെ ഉച്ചാരണത്തിലെ ഈ പ്രത്യേകത കേരളീയരുടെ ഗ്രീക്കു് ഉച്ചാരണത്തിലും കാണാം. ഗ്രീ. Katholikos മ. കാസോലിക്ക; ഗ്രീ. Thronos (ത്രോണോസു്) മ. സ്ഥർന്നോസു് ഇത്യാദി നോക്കുക. എന്നാൽ കാതോലിക്കോസു്, ത്രോണോസു് എന്നിങ്ങനെ മലയാളത്തിനു യോജിച്ച ഉച്ചാരണവുമുണ്ടു്. മാമ്മോദീത്താ എന്നൊരു രൂപം കാണുന്നില്ല.

ക്രിസ്ത്യൻ ഭാഷാഭേദത്തിൽ കാണുന്ന രണ്ടു പേർഷ്യൻ ശബ്ദങ്ങളും നോക്കുക. വിനാഗിരി എന്നർത്ഥമായ ചൊറുക്ക (പേർ. സിർക) ആണു ഒന്നു്. ദിവ്യബലിയുടെ സമയത്തു് വിശ്വാസികളും സെമിറിക്കു് സമ്പ്രദായത്തിൽ ആലിംഗനം ചെയ്യുന്നതിനു് കൈയ

ഡോ. പി. എം. ജോസഫ് എം. എ. പി.എച്ച്.ഡി,

സൂരികൊട്ടുക്കുക എന്നാണു പറയുന്നതു്. ഈ സംയുക്തത്തിലെ അവസാനത്തെ പദം ഒസ്സൂരി കൈമിച്ചം കൊട്ടുക്കുക എന്ന പേർഷ്യൻ പദത്തിൽനിന്നു് ഉണ്ടായതാണു്. ഇതാകട്ടെ വ്യാപാരവുമായി ബന്ധപ്പെട്ട ഒരു പദമാണെന്തായാലും.

തരീസാപ്പള്ളി ശാസനം

തരിസാപ്പള്ളി ശാസനങ്ങളും (കി. ഒമ്പതാം ശതകം) നൽകപ്പെട്ടതു് ഒരു ''മരുവാൻ തപീർ ഈശോ''യ്ക്കാണു്. സുറിയാനിയിലെ സബ്രൂ് ഈശോ ആണു തപീർ ഈശോ, തപ്പിരായി എന്നൊക്കെ മാറിയതു്. (സുറി. സബ്രൂ 'പ്രത്യാശ' യ് ഈശോ'ത്ത' ഹീ യീശോ രക്ഷകൻ') സബ്രൂ് ഈശോ ഒരു വർത്തകനായിരുന്നു. മർവ്വാൻ എന്നതു് അദ്ദേഹത്തിന്റെ സ്ഥല

www.dukhrana.in

പ്പേരായിരിക്കാം. പേർസ്യയിലെ ഖുറാസാനിൽ ഉണ്ടായിരുന്ന ഒരു പൗരാണിക നഗരമാണ് മർവ്വ്. ക്രിസ്തുവിനുമുമ്പ് രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന അന്തിയോക്കസ് ഒന്നാമൻ എന്ന റോമൻ ചക്രവർത്തി സ്ഥാപിച്ചതാണാനഗരം. ഏറെ ശതകങ്ങളോളം ഏഷ്യയിലെ വാണിജ്യകേന്ദ്രമായിരുന്ന മർവ്വ്. ചൈനയിൽ നിന്നും ഇൻഡ്യയിൽനിന്നും ചരക്കുകളുമായി സാർഥവാഹക സംഘങ്ങൾ മർവ്വയിൽ എത്തിയിരുന്നു. അവിടെനിന്നും ഈ കച്ചവടവസ്തുക്കൾ റോമിലേക്കാണ് പോയിരുന്നത്. ക്രി. വ. 651—ൽ പേർഷ്യയിലെ സസ്സാനിദ് വംശത്തിലെ ഒടുവിലത്തെ രാജാവായ യെസ്ദെഗ്രീദ് മൂന്നാമനെ അറബികൾ യുദ്ധത്തിൽ തോല്പിച്ച് വധിച്ചത് ഈ നഗരത്തിനു സമീപമുള്ള റസീഖ് എന്ന ഗ്രാമത്തിൽവച്ചായിരുന്നു. അദ്ദേഹത്തിന്റെ ശവശരീരം ഏറ്റു സംസ്കരിച്ചതോ ഒരു നെസ്റ്റോറിയൻ ബിഷപ്പും! നെസ്റ്റോറിയൻ മാർക്കും മാർവ്വയിലുണ്ടായിരുന്ന സ്വാധീനമാണ് ഇതു കാണിക്കുന്നത്. ദൈവത്തിൽ ഏക സ്വഭാവമാണുള്ളതെന്നു പഠിപ്പിച്ചിരുന്ന എദേസ്സായിലെ മാർ മറൂത്താ എന്ന ബിഷപ്പിന്റെ അധികാരസീമ മർവ്വയിൽ എത്തിയിരുന്നു. ബാഗ്ദാദിൽ ചക്രവർത്തിയായിരുന്ന ഹാറൂൺ അർറഷീദ് തന്റെ വിദ്യാഭ്യാസകാലം കഴിച്ചുകൂട്ടിയതു് ഇവിടെയായിരുന്നു. സസ്സാനിദ് രാജാക്കന്മാരുടെ കാലത്തു് മർവ്വയിൽ ജ്യോതിശാസ്ത്രപഠനത്തിനുണ്ടായിരുന്ന പ്രാധാന്യം ഹാറൂൺ അർറഷീദിന്റെ കാലത്തും തുടർന്നു. ഇത്രയുള്ള ഉന്നതമായ ഒരു സംസ്കാരത്തിന്റെ പൈതൃകവുമായി വന്ന സബ്ർ ഈശോയെ ''സ്ഥാണുരവി'' ആദരിച്ചതിന്റെ ലക്ഷ്യമാണു തരിസാപ്പള്ളി ശാസനങ്ങളം. ഈ രേഖയുടെ അന്ത്യഭാഗത്തു് പഹ്ലവി, ഹീബ്രൂ, അറബി ഈ ഭാഷകളിൽ എഴുത്തുകളം കാണുന്നുണ്ട്. ഇതു് സ്വീകർത്താവിന്റെയും സാക്ഷികളുടെയും കൈയൊപ്പുകളാണെന്നു കരുതപ്പെടുന്നു. പഹ്ലവിയിൽ ഉള്ളതായിരിക്കാം സബ്രീശോയുടെ ഒപ്പ്.

പഹ്ലവിക്കുരിശുകൾ

കേരളസഭയ്ക്കു പേർഷ്യയുമായുണ്ടായിരുന്ന ബന്ധങ്ങൾക്കു മറ്റൊരു തെളിവാണു് ഇവിടെയുള്ള പഹ്ലവിക്കുരിശുകൾ. മുട്ടമ്പലം കത്തോലിക്കാപള്ളി, പൊങ്ങന്താഴം യാക്കോബായപള്ളി, മണിമലക്കാവു് കത്തോലിക്കാപള്ളി, കടമറ്റം യാക്കോബായപള്ളി, കോട്ടയം കുന്നാനായപള്ളി തുടങ്ങിയ പള്ളികളിൽ പേർഷ്യൻ + കുരിശുകൾ കാണാം. നാലു കൈകൾക്കും ഒരേ നീളം വരുന്ന ഈ കുരിശുകൾ കൃഷ്ണശിലാഫലകങ്ങളിലാണു കൊത്തിവച്ചിട്ടുള്ളതു്. കുരിശിന്റെ മേൽഭാഗത്തു് ഒരു പ്രാവു് — പരിശുദ്ധാത്മാവിന്റെ പ്രതീകം—പറന്നിറങ്ങുന്നു. അതിനു മുകളിലായി ഒരു കമാനം. കമാനത്തിലും കുരിശിന്റെ അടിഭാഗത്തുമായിട്ടാണു പഹ്ലവിലിഖിതം. ഇവയുടെ കാലം

എട്ടാം ശതകമാണെന്നു കരുതപ്പെടുന്നു. ഇങ്ങനെ ആദിമ കേരളസഭയ്ക്കു പേർഷ്യയുമായി ബന്ധങ്ങളുണ്ടായിരുന്നു എന്നതു നിഷേധിക്കാനാവാത്ത ഒരു സത്യമാണ്.

നസ്രാണിശബ്ദത്തിന്റെ ആഗമം

പേർഷ്യൻ സഭയിലൂടെയാവാം, അറബിഭാഷയുമായും അറബികളുമായും കേരളീയ ക്രിസ്ത്യാനികൾക്കു സമ്പർക്കമുണ്ടായത്. അറബികൾ ക്രിസ്തുപൂർവ്വമായ ശതാബ്ദികൾമുതല്ക്കുതന്നെ കേരളത്തിൽ വന്നുപോയിരുന്നു. സോളമന്റെ കപ്പലുകൾ അറബികളെ പിന്തുടർന്നാണു കേരളത്തിൽ വന്നത്. ക്രി. പി. ആറാം ശതകത്തിനു ശേഷം മുഹമ്മദുമതം പ്രചരിപ്പിക്കുന്നതിനായും അറബികൾ കേരളത്തിൽ വന്നു. എന്നാൽ മതപ്രചാരണാർത്ഥം കേരളത്തിൽ വന്ന ആദ്യത്തെ അറബികൾ ക്രിസ്ത്യാനികൾ ആയിരുന്നു എന്നു കരുതേണ്ടിയിരിക്കുന്നു. അടുത്ത കാലംവരെ മലയാളത്തിൽ പ്രചാരത്തിലിരുന്ന നസറാണി അല്ലെങ്കിൽ നസ്രാണി എന്ന ശബ്ദം അറബിയിലെ നസറാനീ എന്നതിൽനിന്നുണ്ടായതാണ്. അറബിയിൽ ഈ പദത്തിന് നസറത്തിൽനിന്നു വന്ന എന്ന അർത്ഥമില്ല. സുറിയാനി ഭാഷയിൽ തദ്രാജപ്രത്യയമായി (അവിടെയുള്ള ജനം, ഭാഷ, ഇത്യാദ്യർഥങ്ങൾ കുറിക്കുവാനാണു തദ്രാജപ്രത്യയം ചേർക്കുന്നത്). — യാ ആണു പ്രയോഗിക്കുക. ഉദാ:— അറ. ഇബ്രാനീ – സുറി. എബ്രായാ ഹീബ്രു ഭാഷ; അറ. സുറിയാനീ— സുറി. സുറിയായ = സിറിയയിലെ ജനങ്ങൾ— ഭാഷ'; അറ. നാസിറീ – സുറി. നസറായാ = 'നസറത്തിലുള്ള' ഇത്യാദി. നസറാനി പോലെതന്നെ ഭാഷാവാചിയായ സുറിയാനിയും ഒരു അറബി പദമാണെന്നു വ്യക്തമായല്ലോ. നസറാനീ എന്ന പദത്തിനു ഏലിയാസിന്റെ അറബി ഇംഗ്ലീഷ് ഡിക്ഷനറിയിൽ 'മാമ്മോദീസാ ഉള്ളവൻ, ക്രിസ്ത്യാനി' എന്നു അർത്ഥം പറഞ്ഞു കാണുന്നു. നസറ എന്ന ക്രിയാധാതുവിന് അറബിയിൽ' രക്ഷിക്കുക, സഹായിക്കുക, ക്രിസ്തുമതത്തിൽ ചേരുക, രക്ഷപ്പെടുക' എന്നൊക്കെ അർത്ഥമുണ്ട്. നസറ എന്നതിൽനിന്നാണു നസറാനീ എന്നതിന്റെ ഉദ്ഭവം.

കേരള നസ്രാണികളുടെ ആരാധനാഭാഷയായിരുന്നു പൗരസ്ത്യ സുറിയാനി. വൈദിക വിദ്യാർത്ഥികൾ ആ ഭാഷ നന്നായി പഠിച്ചിരുന്നു. പതിനാറാം ശതകത്തിന്റെ അവസാനകാലത്തുപോലും ക്രിസ്ത്യാനികൾ പ്രാർത്ഥന നടത്തിയിരുന്നത്, ഇവിടെ, പൗരസ്ത്യസുറിയാനിയിലായിരുന്നു. ഉദയമ്പേരൂർ സൂനഹദോസ് ഈ സമ്പ്രദായത്തെ ആക്ഷേപിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പകരം എല്ലാവർക്കും അറിയാവുന്ന മയലാള ഭാഷയിൽ പ്രാർത്ഥിച്ചാൽ മതി എന്ന് അനുശാസിക്കുകയും ചെയ്യുന്നു. പോർത്തുഗീസുകാരുടെ പാശ്ചാത്യവൽകരണത്തിന് എ

തിരായി 1579–ൽ മലങ്കരയിൽ നിന്നു മാർപ്പാപ്പായ്ക്കയച്ച ഒരു നിവേദനത്തിൽ പറയുന്നതു്; ''ഞങ്ങളുടെ സ്വാമിയായ മാർതോമ്മാ ഞങ്ങൾക്കു നൽകിയ സുറിയാനി അല്ലെങ്കിൽ കൽദായ ഭാഷയിലാണു് ഞങ്ങളുടെ പ്രാർത്ഥനകൾ ഒക്കെയും രചിക്കപ്പെട്ടിട്ടുള്ളതു്'' എന്നത്രെ. ''സുറിയാനിഭാഷയിൽ ആവിഷ്കരിക്കപ്പെടാത്ത ഒരുവകയും മാർതോമ്മാക്രിസ്ത്യാനികൾ വിശ്വസിക്കുകയില്ല'' എന്നാണു്; നൂനെസ് ബറെതു എന്ന ജസ്വീത് പുരോഹിതന്റെ അഭിപ്രായം. പാശ്ചാത്യസുറിയാനിയുമായിപ്പോലും സമരസപ്പെടുവാൻ മലങ്കരനസ്രാണികൾ തയാറല്ലായിരുന്നുവെന്നാണു്. 1672–ൽ വരാപ്പുഴയിൽ കർമ്മലീത്താസഭക്കാർ ആരംഭിച്ച സെമിനാരിയിൽ ആലിപ്പോക്കാരനായ ബർത്തലോമിയോ എന്നൊരു പാശ്ചാത്യസുറിയാനി പണ്ഡിതനെ നിയമിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം തങ്ങളുടെ വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ പാടില്ലെന്നു മലങ്കരനസ്രാണികൾ ശഠിക്കുകയാണു ചെയ്തതു്. കേരള ക്രൈസ്തവർക്കു് ജീവൽ പ്രധാനമായ ഈ ഭാഷയുടെ പേരു അറബിയിലാവാൻ കാരണം ആദ്യകാലത്തു ഇവിടെവന്ന മതമേധാവികൾ പലരും അറബികളായിരുന്നതാണു്.

കേരള ക്രൈസ്തവ കൃതികളിൽ കാണപ്പെടുന്ന ചില അറബിശബ്ദങ്ങൾ: അൽമെലസം 'ബാൾസം എന്ന സുഗന്ധദ്രവ്യം' അനെകം സ്വർഭ്യം ഉള്ളൊരെ വസ്തു അൽവെലസം എന്നു ചൊല്ലുന്നതും കൊണ്ടു ഉണ്ടാക്കി ഞായം' (ഉ. സൂ. ക. പു 35). അറ. അൽബല്സം 'ടി'; സൈത്തു് 'ഒലിവ് എണ്ണ' പട്ടവും സൈത്തും അയാളിൽനിന്നു കൈക്കൊള്ളുകയും ചെയ്തു' (വ. പു. പു. 368) അറ. സൈത്തുൻ; ബാവാ 'പിതാവു്'' അറ. ബാബാ 'ടി'; ഉമ്മ 'അമ്മ' (മർത്തമറിയത്തുമ്മ എന്നാണു് ദേവമാതാവിനെ മലങ്കരനസ്രാണികൾ പരാമർശിച്ചിരുന്നതു്)അറ. ഉമ്മ, മീറ 'ഒരു സുഗന്ധദ്രവ്യം' അറ. മുർറ് ഇത്യാദി മൂന്നു എന്നു് അർഥമായ സലാസ എന്ന അറബി സംഖ്യാശബ്ദം റോസിന്റെ നിയമാവലിയിൽ പ്രയോഗിച്ചിട്ടുണ്ടു്. ഇപ്രകാരമുള്ള അറബി പേർസ്യൻ പദങ്ങളുടെ സാന്നിദ്ധ്യം മലങ്കര നസ്രാണികൾക്കു് ആ ജനതകളുമായുണ്ടായിരുന്ന സമ്പർക്കത്തെ സമർത്ഥിക്കുന്നു.

www.dukhrana.in

ഹൃദയവും ആദ്ധ്യാത്മികതയും

ഡോ. ജേക്കബ്ബ് വെള്ളിയാൻ

''ഹൃദയം'' എന്ന പദം വേദപുസ്തകത്തിൽ രണ്ടുരീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. പത്തുപ്രാവശ്യം ശരീരത്തിന്റെഭാഗമെന്ന നിലയിൽ ഹൃദയത്തെപ്പററിയും ആയിരത്തിലധികപ്രാവശ്യം ആലങ്കാരികഭാഷയിൽ മനശാസ്ത്രപരമായ അതിന്റെ പ്രവർത്തനങ്ങളെപ്പററിയും പരാമർശിച്ചിരിക്കുന്നു. മാനസ്സികവ്യാപാരങ്ങളിൽ തീരുമാനമെടുക്കുന്നതും പ്ലാൻചെയ്യുന്നതും ഹൃദയം തന്നെ. ആദ്ധ്യാത്മികജീവിതത്തിന്റെ നിർണ്ണായകമായ പങ്കുവഹിക്കുന്നതും ഹൃദയമാണ്. ധാർമ്മികതയുടേയും മതവികാരങ്ങളുടേയും ഉറവിടവും അതുതന്നെ. ദൈവഭയം അനുഭവിക്കുന്നതും യാഹ്‌വേയുടെ വിശ്വസ്തത പുലർത്തുന്നതും ഹൃദയത്തിന്റെ ചുമതലയത്രേ.

പൗരസ്ത്യപിതാക്കന്മാരുടെപ്രതിപാദനങ്ങളിൽ ഹൃദയത്തിനു പ്രമുഖസ്ഥാനമുണ്ട്. ഹൃദയത്തിന്റെ പരിശുദ്ധി, ഹൃദയാഭിലാഷങ്ങൾ, ഹൃദയത്തിന്റെ തീരുമാനങ്ങൾ, ഹൃദയത്തിലെ ദൈവസാന്നിദ്ധ്യം ഇവയൊക്കെ പിതാക്കന്മാർ പരാമർശിച്ചിട്ടുണ്ട്.

ദൈവത്തെപ്പോലെതന്നെ നിഗൂഢവും ദൈവത്തിനു മാത്രം കടന്നുചെല്ലാവുന്നതുമാണ് ഹൃദയം എന്നാണ് ഒരു ധാരണ.

ദൈവത്തിൽ എത്തിച്ചേരാനും അവിടുത്തേ കാണാനും അനുഭവിക്കാനും മനുഷ്യനിലുള്ള അവയവം ഏതു് എന്ന ചോദ്യത്തിന് മനസ്സ് എന്ന് അരിസ്റ്റോട്ടിൽ ഉത്തരം

'ഹൃദയം' തുറന്നുകാട്ടുന്നതാണ് ഈ ലേഖനം, ശരീരശാസ്ത്രപരമായിട്ടല്ലെന്നു മാത്രം.

പൗരാണിക ഋഷിമാർ ഏറെക്കാലം ആലോചിച്ചു കണ്ടെത്തിയ പദമാണ് 'ഹൃദയം' ഹൃദി + അയം = ഹൃദയം ഹൃദിയെന്നുപറഞ്ഞാൽ ഉള്ളു്. അയം എന്നതിന് അവൻ അല്ലെങ്കിൽ ഇവൻ എന്നർത്ഥം. അവൻ അഥവാ ഇവൻഎന്നുപറയുന്നതു് ഈശ്വരനെ ഉദ്ദേശിച്ചാണ്. ഈ ഈശ്വരൻ ഉള്ളതു 'എവിടെയാണോ അതാണ് ഹൃദയം. ഈശ്വരനില്ലാത്തവർക്കു 'ഹൃദയവുമില്ല''!

---

www.dukhrana.in

പറയുന്നുണ്ടെങ്കിലും പൗരസ്ത്യ പിതാക്കന്മാർ അതു ഹൃദയമാണെന്നാണു പഠിപ്പിച്ചതു്. മനുഷ്യവ്യക്തിയുടെ ആദ്ധ്യാത്മികതയുടെ ഉച്ചകോടിയാണു് ഹൃദയം. ദൈവം മാത്രം അതിൽ പ്രവേശിക്കുന്നു.

ഈ ചിന്താധാര മറെറാരു വിധത്തിൽ അവതരിപ്പിക്കുകയാണു പുതിയനിയമത്തിൽ. ദൈവം സ്നേഹമാകുന്നു. സ്നേഹം ദൈവത്തിൽ നിന്നാകുന്നു. സ്നേഹിക്കുന്നവൻ ദൈവജാതനാണു്.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യശാലികൾ.

ഹൃദയത്തിന്റെ പരിശുദ്ധി ദൈവത്തെ കാണാൻ ആവശ്യമാണു്. ഹൃദയം ആശയങ്ങളുടെ മൂർത്തീഭാവമാണു്. ഹൃദയമുള്ളവൻ ദൈവത്തെയും പ്രപഞ്ചത്തേയും കാണുന്നു. അതിനു ഹൃദയം സ്വതന്ത്രമായിരിക്കണം.

നിരീശ്വരത്വം ഹൃദയശൂന്യതയുടെ ഫലമാണു്. മനുഷ്യന്റെ വിചാരങ്ങൾ എപ്പോഴും പരിശുദ്ധമായിരുന്നില്ലെന്നുവരും. എങ്കിലും ആത്മാവിന്റെനിഗൂഢമായ ഭണ്ഡാഗാരത്തിലേയ്ക്കു് മനുഷ്യൻ പ്രവേശിക്കേണ്ടതുണ്ടു്. പരിശുദ്ധാത്മാവിൽ മനുഷ്യർ പരസ്പരം കണ്ടുമുട്ടണം. അതിനു് കഴിയണമെങ്കിൽ ഹൃദയം പരിശുദ്ധാത്മാവിന്റെ വാസസ്ഥാനമായിരിക്കണം. ഈ കണ്ടുമുട്ടലിനു് മനുഷ്യരുടെ ഹൃദയൈക്യം ആവശ്യമാണു്.

മനുഷ്യന്റെ ഹൃദയം തന്റെ അസ്തിത്വത്തിന്റെ കേന്ദ്രബിന്ദുവെങ്കിൽ മററു സൃഷ്ടങ്ങളുമായി മനുഷ്യൻ ഇടപെടുന്നതു് ഹൃദയം വഴിയാണു്. മനുഷ്യരുടെ ഇടയിലുള്ള സ്വരച്ചേർച്ചയ്ക്കു നിദാനം ഹൃദയമാണെന്നു സ്പഷ്ടം.

അശുദ്ധാരൂപിയാൽ നിവേശിതമായ ചിന്തകൾ മനസ്സിലുണ്ടാകുമ്പോൾ അവയെ കാര്യമായി കണക്കാക്കാതെ കർത്താവായ ഈശോയുടെ നാമം ജപിക്കുക. അതുവഴി പരിശുദ്ധനാമത്തിന്റെ താപമേററ അശുദ്ധാരൂപി അകന്നുപൊയ്ക്കൊള്ളും എന്നു് പൗരസ്ത്യ ആധ്യാത്മികപിതാക്കൾ പഠിപ്പിക്കുന്നു. പ്രാർത്ഥന ബുദ്ധിയുടെയും മനസ്സിന്റെയും തലത്തിലായാൽ വിവിധ വിചാരങ്ങൾ വന്നു് അതിനെ താറുമാറാക്കിക്കളയും. പ്രാർത്ഥന ഹൃദയത്തെ സ്പർശിച്ചുള്ളതാകണം.

'ദൈവം' അറിവിന്റെ വിഷയമല്ല.

''സദാ പ്രാർത്ഥിക്കുക'' എന്ന നിർദ്ദേശം പൗലോസും ലൂക്കായും രേഖപ്പെടുത്തിയിരിക്കുന്നു. (അപ്പ: 6: 18; ലൂക്ക 18: 1; 21:36) ''കർത്താവേ'' ''കർത്താവേ'' എന്നു വിളിക്കാനല്ല, സുവിശേഷം ഉപദേശിക്കുന്നതു്, പ്രത്യുത കർത്താവിന്റെ ഇഷ്ടമനുസരിച്ചു ജീവിക്കാനാണു്. പ്രാർത്ഥനയുടെ ലക്ഷ്യം ദൈവത്തെ അറിയുകയെന്നതല്ല, ദൈവികരാ

(ശേഷം 37-ാം പേജിൽ)

ശ്രീഹന്മാരുടെ
അനാഫൊറ

''ഞങ്ങളുടെ ദൈവമായ കർത്താവേ ഞങ്ങളുടെ പാപാധിക്യത്തെ....'' മുതൽ ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും.... (1962 തക്സാ. p. 23–25) വരേയുള്ള ഭാഗങ്ങളാണ് ഒന്നാം വൃത്തത്തിലുള്ളത്.

ഉർമി തക്സായിൽ രണ്ടാമത്തെ കൂശാപ്പായ്ക്കു മുമ്പു കൊടുത്തിരിക്കുന്ന തലക്കെട്ടിൽനിന്നും അനാഫൊറാ ആരംഭിക്കുന്നതു് അവിടെയാണെന്നു വ്യക്തമാണ്. ബലിപീഠപ്രവേശക ശുശ്രൂഷയ്ക്കുമുമ്പുള്ള ''അനാഫൊറായ്ക്ക് ഒരുക്കം'' എന്ന ശീർഷകം ഒന്നാം പ്രമാണജപവൃത്തം ശ്രീഹന്മാരുടെ അനാഫൊറായുടെ ആമുഖം മാത്രമാണെന്നു ഹാൻസെസ്സ് (Hanssens) അവകാശവാദത്തിന് ആക്കം കൂട്ടുന്നു. കാഴ്ചവയ്പിന്റെ ആശയം ഉൾക്കൊള്ളുന്നതിനാൽ അതിനെ കാഴ്ചവയ്പിന്റെ പ്രണാമജപമെന്നും അദ്ദേഹം വിശേഷിപ്പിക്കുന്നുണ്ട്. സീറോ–മലബാർ തക്സായിൽ ''ശ്രീഹന്മാരുടെ അനാഫൊറാ'' എന്ന തലക്കെട്ട് ഒന്നാം പ്രണാമജപത്തിനു തൊട്ടുമുമ്പ് വരുന്നതിനാൽ അവിടെയാണ് അനാഫൊറാ ആരംഭിക്കുന്നതെന്ന് നിസംശയം പറയാം. കൽദായ തക്സായിൽ ഒന്നാമത്തെ കൂശാപ്പായ്ക്കു (കാർമ്മികന്റെ സ്വകാര്യ പ്രാർത്ഥന) ശേഷമുള്ള ''ശ്രീഹന്മാരുടെ അനാഫൊറാ. ഇപ്പോൾ ശ്രീഹന്മാരുടെ കർബാന ആരംഭിക്കുന്നു'' എന്ന ശീർഷകം തെളിയിക്കുന്നതു്. അതിൽ ഒന്നാമത്തെ ഗ്ഹന്തായോടു കൂടിയാണ് അനാഫൊറാ ആരംഭിക്കുന്നതെന്നാണ്.

ഒന്നാം പ്രണാമജപവൃത്തം

ഒന്നാം കൂശാപ്പാ

''അനാഫൊറായുടെ ആരംഭം. പക്ഷേ മുമ്പിലുള്ള കൂശാ

www.dukhrana.in

പ്പായും മാറുന്നു. ''ഒന്നാമത്തെ ക്ലശാപ്പായ്ക്ക് ''എ. കിംങ്ങ്'' നല്കുന്ന വിശദീകരണം അത് ഒന്നാം പ്രണാമ ജപവ്യത്തത്തിന്റെ ഭാഗമാണെന്നവസ്തുതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ഒന്നാം ഗ്രന്ഥാസ്ക്ക് (കുനിഞ്ഞു നിന്നുകൊണ്ടു കാമ്മികൻ ചൊല്ലുന്ന പ്രാർത്ഥന.) മുമ്പിലായി വരേണ്ട ഈ പ്രാർത്ഥനയെ 1968 ലെ തക്സായിൽ ബലിപീഠ പ്രവേശനത്തിനുള്ള പ്രാർത്ഥനയാക്കി മാറ്റിയിരിക്കുന്നതിനാൽ അതിനു മുമ്പായി ഇതു ചൊല്ലുന്നു.

1) തങ്ങളുടെ പാപാവസ്ഥയെപ്പറ്റി തികച്ചും ബോധവാന്മാരായ ആരാധകർ തങ്ങളുടെ നിരവധി പാപങ്ങളേപ്പറ്റി ദൈവസന്നിധിയിൽ ക്ഷമായാചനം നടത്തുന്നു. അവിടുത്തെ അപ്രീതിയ്ക്കു തങ്ങളെ വിധേയരാക്കരുതെന്നും ദൈവത്തോട് പ്രാർത്ഥിക്കുന്നു.

2) ബലിവസ്തുക്കളെ കാരുണ്യപൂർവ്വം പവിത്രീകരിച്ച് അവയ്ക്കു പാപനിർമ്മാർജനം ചെയ്യുവാനുള്ള ശക്തി പ്രദാനം ചെയ്യണമെന്നു യാചിക്കുന്നു. വി. കുർബാനയുടെ പാപവിമോചക ശക്തിയിലുള്ള ഉറച്ചവിശ്വാസമാണ് ഈ പ്രാർത്ഥന പ്രതിഫലിപ്പിക്കുന്നത്.

ഡോ. തോമസ് മണ്ണൂരാൻപറമ്പിൽ

3) ''അങ്ങയുടെ സന്നിധിയിൽ കരുണയും കൃപാവരവും ഞങ്ങൾ കണ്ടെത്തുന്നതിനും വിശ്വസ്തഗണങ്ങളോടു കൂടി അങ്ങയെ സ്തുതിക്കുവാൻ ഞങ്ങൾ യോഗ്യരാകുന്നതിനും വേണ്ടി....'' എന്നാരംഭം ''വേണ്ടസമയത്തു കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്കു പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം'' (Heb 4:16) എന്ന പൗലോസ് ശ്ലീഹായുടെ ഉപദേശത്തിന്റെ ആവർത്തനം മാത്രമാണ്. ബലിപീഠം മാലാഖമാരാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ കൃപാസനമാണ്. അവിടുത്തെ പുനരാഗമനവേളയിൽ പ്രത്യാശയോടെ അതിനെ സമീപിച്ച് മാലാഖമാരോടുകൂടി അവിടുത്തെ സ്തുതിക്കുന്നതിനും അവിടുത്തെ കരുണയും കൃപാവരവും പ്രാപിക്കുന്നതിനും ഈ നാമത്തിന്റെ പ്രസക്തി തന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്.

പശ്ചാത്താപത്തിന്റെ ചൈതന്യം പ്രകടിപ്പിക്കുന്നതിനായി മദ്ബഹായിലിരുന്നുകൊണ്ടാണ് സെക്രിസ്തിയർ ഈ പ്രാർത്ഥന ചൊല്ലുന്നത്. ഉയിപേത്തുർ സുനഹദോസിനുമുമ്പ് കുനിഞ്ഞുനിന്നും റീത്തു പുനരുദ്ധാരണത്തിനു മുമ്പ് നിവർന്നുനിന്ന് നെഞ്ചിൽ കൈകൊണ്ട് ക്രൂശിച്ചുകൊണ്ടുമാണ് മലബാർ സഭയിൽ അതു ചൊല്ലിയിരുന്നത്.

ഒന്നാം ക്ലശാപ്പായിലെ മുഖ്യ ആശയങ്ങൾ

1) തങ്ങളുടെ പാപാവസ്ഥയെപ്പറ്റി തികച്ചും ബോധവാന്മാരായ ആരാധകർ തങ്ങളുടെ നിരവധി പാപങ്ങളേപ്പറ്റി ദൈവസന്നിധിയിൽ ക്ഷമായാചനം നടത്തുന്നു. അവിടുത്തെ അപ്രീതിയ്ക്കു തങ്ങളെ വിധേയരാക്കരുതെന്നും ദൈവത്തോട് പ്രാർത്ഥിക്കുന്നു.

2) ബലിവസ്തുക്കളെ കാരുണ്യപൂർവ്വം പവിത്രീകരിച്ച് അവയ്ക്കു പാപനിർമ്മാർജനം ചെയ്യുവാനുള്ള ശക്തി പ്രദാനം ചെയ്യണമെന്നു യാചിക്കുന്നു. വി. കുർബാനയുടെ പാപവിമോചക ശക്തിയിലുള്ള ഉറച്ചവിശ്വാസമാണ് ഈ പ്രാർത്ഥന പ്രതിഫലിപ്പിക്കുന്നത്.

3) ''അങ്ങയുടെ സന്നിധിയിൽ കരുണയും കൃപാവരവും ഞങ്ങൾ കണ്ടെത്തുന്നതിനും വിശ്വസ്തഗണങ്ങളോടു കൂടി അങ്ങയെ സ്തുതിക്കുവാൻ ഞങ്ങൾ യോഗ്യരാകുന്നതിനും വേണ്ടി....'' എന്നാരംഭം ''വേണ്ടസമയത്തു കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്കു പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം'' (Heb 4:16) എന്ന പൗലോസ് ശ്ലീഹായുടെ ഉപദേശത്തിന്റെ ആവർത്തനം മാത്രമാണ്. ബലിപീഠം മാലാഖമാരാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ കൃപാസനമാണ്. അവിടുത്തെ പുനരാഗമനവേളയിൽ പ്രത്യാശയോടെ അതിനെ സമീപിച്ച് മാലാഖമാരോടുകൂടി അവിടുത്തെ സ്തുതിക്കുന്നതിനും അവിടുത്തെ കരുണയും കൃപാവരവും പ്രാപിക്കുന്ന

www.dukhrana.in

തിനും ഈ ബലി നമ്മെ യോഗ്യരാക്കണമെന്നാണ്" ഈ പ്രാർത്ഥനയുടെ താല്പര്യം.

2 പ്രാർത്ഥനാഭ്യർത്ഥന

വി. കർബാന യോഗ്യതയോടുകൂടി അർപ്പിക്കുന്നതിനും താൻയോഗ്യനായി ഭവിക്കുന്നതിനു ആവശ്യമായ ദൈവസഹായത്തിനായി പ്രാർത്ഥിക്കണമെന്ന കാർമ്മികന്റെ അഭ്യർത്ഥനയും അതിനുള്ള ദൈവജനത്തിന്റെ പ്രത്യുത്തരവും ഉൾക്കൊള്ളുന്ന ഒരു ഭാഗം കർദ്ദായ ക്രമത്തിലുണ്ട്. അതു പതിനാറാം നൂറ്റാണ്ടിനു മുമ്പു തന്നെ മലബാർ സഭ ഉപേക്ഷിച്ചുകളഞ്ഞു.

ഒന്നാം ഗ്രന്ഥം—

കാർമ്മികൻ തനിയ്ക്കു വേണ്ടി ത്തന്നെ ചെയ്യുന്ന പ്രാർത്ഥനയാണ ത്. സഹകാർമ്മിക കർബാനയാണെന്ന ധാരണയിലായിരിക്കാം അതു ഉത്തമ പുരുഷബഹുവചനത്തിലാക്കിയിരിക്കുന്നത്. നെസ്റ്റോറിയസിന്റെ പേരിൽ അറിയപ്പെടുന്ന മൂന്നാമത്തെ അനാഫൊറായിലും ഒന്നാമത്തെ ഗ്രന്ഥമായിട്ട ഈ പ്രാർത്ഥന തന്നെ ഉപയോഗിക്കപ്പെടുന്നു.

ഒന്നാം ഗ്രന്ഥയിലെ പ്രമുഖാശയങ്ങൾ.

1) പിതാവായ ദൈവം നൽകുന്ന അനുഗ്രഹവർഷത്തിനു നന്ദി പറയുന്നു.

2) അവിടുത്തെ ദിവ്യപുത്രനായ മിശിഹായുടെ ശരീരരക്തങ്ങളുടെ രഹസ്യങ്ങളും പരികർമ്മം ചെയ്യുവാൻ പ്രാപികളും നിസ്സാരരുമായ തങ്ങളെ തിരഞ്ഞെടുക്കുകയും യോഗ്യരാക്കുകയും ചെയ്തതിന് അവർ പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നമ്മുടെ തകർന്നായിലുണ്ടായിരുന്ന "അങ്ങയുടെ അഭിഷിക്തന്റെ" (thy Christ) എന്ന പ്രയോഗം നെസ്റ്റോറിയൻ അബദ്ധസിദ്ധാന്തമാണെന്നു വാദിച്ചുകൊണ്ട് ഉടയംപേരൂർ സൂനഹദോസാണ് അതിനെ "അങ്ങയുടെ പുത്രനായ അഭിഷിക്തന്റെ" (thy Christ thy Son) എന്നാക്കി മാറ്റിയത്. ഈ അനാവശ്യ തിരുത്തൽ പുനർദ്ധരിക്കപ്പെട്ട കുർബാനയിലും തുടരുകയാണ്.

3) അവിടുത്തെ വിലയേറിയ ദാനമായ വിശുദ്ധ കർബാന തികഞ്ഞ സ്നേഹത്തോടും യഥാർത്ഥ വിശ്വാസത്തോടും കൂടി അർപ്പിക്കുവാൻ ശക്തി നല്കണമെന്നു അപേക്ഷിക്കുന്നു. "തികഞ്ഞ സ്നേഹത്തോടും യഥാർത്ഥ വിശ്വാസത്തോടും" എന്ന ഭാഗം 2 തെസ്സ. 3:13 ൽ നിന്നും എടുത്തിട്ടുള്ളതാണ്. ദൈവമാനങ്ങൾ പരികർമ്മം ചെയ്യുവാൻ കാർമ്മികൻ യോഗ്യനാകുന്നതു ദൈവത്തിന്റെ തിരഞ്ഞെടുപ്പുമൂലം മാത്രമാണെന്നാണ് ഇതിന്റെ സൂചന.

ഈ ഗ്രന്ഥയുടെ പഴക്കം അറിയാനുള്ള ചരിത്രരേഖകളും നമുക്കു ലഭ്യമായെങ്കിലും അതു നർസേയുടെ കാലത്തിനു മുമ്പ്

www.dukhrana.in

ഉടലെടുത്തതാണെന്നു വേണം കരുതുവാൻ. നർസേ അതേപ്പററി ഇപ്രകാരം എഴുതുന്നു: ''ഹൃദയ വേദനയോടെ കാമ്മികൻ ദൈവമുമ്പിൽ പ്രാർത്ഥിക്കുന്നു സ്വന്തം കടങ്ങളേയും സഭാ ശരീരത്തിന്റെ കടങ്ങളേയും അദ്ദേഹം ഏററുപറയുന്നു. കർത്താവിന്റെ തിരുമനസ്സാൽ തനിക്കു ലഭിച്ച വിശുദ്ധ ദാനത്തെ കൈകാര്യം ചെയ്യുവാനുള്ള സഹായവും ദിവ്യശക്തിയും ലഭിക്കുന്നതിനായി അദ്ദേഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.'' ഗബ്രിയേൽ ഖനായസ്ഥ പ്രാർത്ഥനയുടെ സവിശേഷതയേപ്പററി പറയുന്നതു് ഇപ്രകാരമാണു്. ''ആദ്യമായി, കാമ്മികൻ ഒന്നാമത്തെ പ്രാർത്ഥന ചൊല്ലുന്നു. അതൊരു കൃതജ്ഞതാ പ്രകടനമാണു്. പൗരോഹിത്യ ധർമ്മം അനുയോജ്യമായ വിധത്തിൽ നിർവ്വഹിക്കുന്നതിനുള്ള അനുഗ്രഹത്തിനായി അതിൽ പ്രാർത്ഥിക്കുന്നതു കൊണ്ടു് അതൊരു യാചനാ പ്രാർത്ഥനയാണു്.'' ഏതൊരു അനുസ്മരണാ കർമ്മത്തിന്റേയും അന്തസത്തയായ സ്തുതിപ്പും കൃതജ്ഞതാ പ്രകടനവുമാണു് ഈ പ്രാർത്ഥനയുടേയും ഉള്ളടക്കമെന്നു് മേൽപ്പറഞ്ഞ വ്യാഖ്യാനങ്ങൾ സാക്ഷിക്കുന്നുണ്ടല്ലോ.

ഗ്ഹന്തായുടെ കർമ്മ വിധികൾ

മാർഡിൻ 19 എന്ന കയ്യെഴുത്തു പ്രതിയാണു് ഈ ഗ്ഹന്തായുടെ പൂർണ്ണമായ കർമ്മവിധികൾ നല്കിയിട്ടുള്ളതു്. ''അപ്പോൾ അദ്ദേഹം വളരെ ശ്രദ്ധാപൂർവ്വം (ബലിപീഠത്തെ) സമീപിച്ചു് വളരെ ഏകാഗ്രമായി ധ്യാനിച്ച ശേഷം, പാമരന്മാർ ചെയ്യുന്നതു പോലെ, കൈകൾ വിരിച്ചുപിടിക്കാതെ ഒന്നാം പ്രണാമ ജപം ചൊല്ലുന്നു. അദ്ദേഹം ഇതുവരേയും മനോധൈര്യം നേടിയിട്ടില്ലെന്നും പ്രത്യുത ഭയത്തോടും വിറയലോടും കഴിയുകയാണെന്നും കാണിക്കുവാൻ കരങ്ങൾ കൂട്ടിപ്പിടിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ അനുഗ്രഹത്താലും കരുണയാലും പ്രാർത്ഥിക്കുവാനുള്ള മനോധൈര്യം നേടിക്കഴിഞ്ഞിരിക്കുന്നതിനാൽ അദ്ദേഹം കൈകൾ വിരിച്ചുപിടിച്ചുകൊണ്ടു് മററു ഗ്ഹന്താകൾ ചൊല്ലുന്നു. ഓരോ ഗ്ഹന്തായുടേയും അവസാനം ബലിപീഠത്തിനു മുമ്പിൽ അദ്ദേഹം വണങ്ങുന്നു.... അപ്പോൾ പുല്ലരിവരെ തല കുനിക്കണം. കൂടാതെ, ഗ്ഹന്താസമയത്തു തലയിലും കാനോനായുടെ നേരത്തു് തോളിലും മപ്രാ വിരിച്ചിടണം. തന്നോടുകൂടി മദുബ്ഹായിലുള്ളവർ മാത്രം കേൾക്കത്തക്ക വിധം താഴ്ന്ന സ്വരത്തിൽ അദ്ദേഹം അതു് (ഗ്ഹന്താ) ചൊല്ലുന്നു. അതിന്റെ ആദ്യവും അന്ത്യവും ആവർത്തിക്കണം.''

കൈകൾ കൂപ്പി.

കൈകൾ വിരിച്ചു പിടിച്ചാണു് സാധാരണ ഗ്ഹന്താകൾ ചൊല്ലാറുള്ളതെങ്കിലും ഒന്നാമത്തെ ഗ്ഹന്തായ്ക്കു് അതു പാടില്ല. അതിനുള്ള കാരണം ഉർമിതക്സാ

നല്ലന്നത്ത് ഇപ്രകാരമാണ്: ''അ
ദ്ദേഹത്തിന്ന ധൈര്യം ലഭിച്ചിട്ടി
ല്ലാത്തതിനാൽ ഒന്നാമത്തെ ഗ്ഹ
ന്തായ്ക്ക കൈകയം കൂപ്പി പിടിക്ക
ന്നില്ല. മറ്റു ഗ്ഹന്താക്കന്മാർക്ക് അ
ദ്ദേഹം അപ്രകാരം ചെയ്യുന്നു. കാര
ണം, അദ്ദേഹത്തിന്ന ധൈര്യം ലഭി
ച്ചിട്ടുണ്ട്'' 1968 ലെ തക്സാ
യിൽ ഈ കർമ്മ വിധികളം അവ
ഗണിച്ച് കൊണ്ട് ഗ്ഹന്താ സമ
യത്തു കൈ കൂപ്പി പിടിക്കവോനേ
നിർദ്ദേശിച്ചിട്ടൊള്ള.

ആചാരം ചെയ്തത്

കുനിഞ്ഞു ആചാരം ചെയ്ക
ശേഷം ഗ്ഹന്താ ചൊല്ലുവാൻ
1962 ലെ തക്സാ നിർദ്ദേശിക്ക
ന്നു. മൂന്നുവരെ കുനിഞ്ഞു നിന്നുകൊ
ണ്ട് ഈ പ്രാർത്ഥന ചൊല്ലുവാനാ
ണ് നെസ്തോറിയൻ തക്സാകളം
നിർദ്ദേശിക്കുക. ക്ലശാപ്പാ (സമയ
ത്തിന്ന പകരം തെറിദ്ധരിച്ചായി
രിക്കാം റാസ്സയിൽ മുമ്പ് ഈ സമ
യത്തു മുട്ടുകുത്തിയിരുന്നത്. ഈ
ഗ്ഹന്തായുടെ ഉള്ളടക്കവുമായി
ഈ ആംഗ്യത്തിന്ന് അഭേദ്യമായ
ബന്ധം കല്പിക്കുവാനുണ്ടെന്നു തോ
ന്നുന്നില്ല.

കുനിഞ്ഞു ആചാരം ചെയ്യു
ന്നത് ബഹുമാനത്തിനേറെയും എളി
മയുടേയും അടയാളമാണ്. തന്റെ
അയോഗ്യതയും ഇല്ലായ്മയും ഏറ്റു
പറയുന്നതിനും ദൈവത്തിൽ നി
ന്ന് അനുഗ്രഹങ്ങളും പാപപ്പൊറു
തിയും യാചിക്കുന്നതിനുമാണ്
ഇപ്രകാരം കുനിഞ്ഞു ആചാരം ചെ
യ്യുന്നത്. ബലിപീഠത്തിനോ അ
ല്ലെങ്കിൽ കുരിശിനോ നല്കുന്ന
വണക്കമാണെന്നു. ഏതിനാണു വ
ണക്കം നല്കുന്നതെന്നു് ഓർസോ
യിൽനിന്ന വ്യക്തമായെങ്കിലും
കൽദായ തക്സായിൽ അതു ബ
ലിപീഠത്തിലുള്ള കുരിശിനാണെ
ന്ന വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഈ
പ്രാർത്ഥനയുടെ ആരംഭത്തിലും അ
വസാനത്തിലുമുള്ള ബലിപീഠ
ചുംബനങ്ങളം ഈ വണക്കം ബലി
പീഠത്തിനും കൂടിയാണെന്ന സൂചി
പ്പിക്കുന്നു.

നിശബ്ദമായി

നർസേയും അജ്ഞാത ഗ്രന്ഥ
കർത്താവും മറും നിർദ്ദേശിക്കുന്നത്
ഈ പ്രാർത്ഥന നിശബ്ദമായി ചൊ
ല്ലണമെന്നാണ്. ബലി രഹസ്യ
ത്തിൽ അർപ്പിക്കണമെന്ന പഴയ
വഴക്കത്തിന്റെ പ്രതിധ്വനിയാ
ണ് അതു്. താഴ്ന്ന സ്വരത്തിൽ
ചൊല്ലുവാനാണ് 1962 ലെ തക്സാ
ആവശ്യപ്പെടുന്നത്.

മപ്രാ

മപ്രാ എന്നു വിളിക്കപ്പെടുന്ന
ദീർഘചതുരാകൃതിയിലുള്ളതും കട്ടി
കുറഞ്ഞതുമായ ഒരു തുണി പൗര
സ്ത്യ സുറിയാനിസഭയിൽ വിശു
ദ്ധകുർബാന സമയത്തു് കാമ്മികൻ തോളിൽ ഇടാറുണ്ട്.
ചില പ്രത്യേകം പ്രാർത്ഥനകളം
ചൊല്ലുമ്പോൾ അതു് ശരീരത്തിൽ
വിരിച്ചിടുന്നു. നെസ്തോറിയർ ഈ
പതിവു് ഇന്നും തുടരുന്നുണ്ട്.

www.dukhrana.in

കാനോനാ

ഗ്ഹന്തായുടെ അന്ത്യത്തിൽ കാർമ്മികൻ സ്വരമുയർത്തി ''ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും'' എന്ന കാനോന ചൊല്ലുന്നു. മെത്രാനോ പാത്രിയാർക്കായോ സന്നിഹിതനാണെങ്കിൽ ''ഇപ്പോഴും എപ്പോഴും എന്നേയ്ക്കും'' എന്ന ഭാഗം മാത്രമേ സ്വരമുയർത്തി ചൊല്ലാവൂ എന്ന് നെസ്തോറിയൻ തക്സാകളും അൽമുഘാഷ് കയ്യെഴുത്തു പ്രതികളും അനുശാസിക്കുന്നു. സന്നിഹിതനായ മെത്രാനോടു പ്രത്യേക ബഹുമാനം കാണിക്കുവാനാണ് ഇപ്രകാരം ചെയ്യുന്നതെന്നു ചിലർ വിശ്വസിക്കുന്നു. മെത്രാൻ സന്നിഹിതനാണെങ്കിൽ ഒന്നാം ഗ്ഹന്താ ചൊല്ലുന്നതു കാർമ്മികനല്ലാ മെത്രാനാണെന്ന ഈബൻ—അത് —തയീബിന്റെ (Iben At Tayyib) നിർദ്ദേശം മറെറാരു വ്യാഖ്യാനത്തിനു വഴിതെളിക്കുന്നുണ്ട്. മെത്രാന്റെ ഈ പ്രത്യേക അവകാശം അദ്ദേഹത്തിന്റെ അനുവാദത്തോടു കൂടിയാണെങ്കിലും നിർവ്വഹിക്കുവാനുള്ള കാർമ്മികന്റെ വൈമുഖ്യമാണ്, കാനോനയുടെ ആദ്യഭാഗം സ്വരം താഴ്ത്തി ചൊല്ലിക്കൊണ്ടു പ്രകടമാക്കുന്നത്. കൽദായരുടെ ഇടയിൽ ഈ പതിവ് ഇന്നു നിലവിലില്ല.

നമ്മുടെ കർത്താവ് ശിഷ്യന്മാർക്കു വിശുദ്ധ കുർബാന നല്കിയപ്പോൾ കൊടുത്ത ആശീർവ്വാദത്തെയാണ് കാനോന സൂചിപ്പിക്കുന്നതെന്ന് തിമോത്തി രണ്ടാമൻ പാത്രിയാർക്കാ വിശ്വസിക്കുന്നു.

കാനോനയുടെ അന്ത്യത്തിൽ ''ആമ്മേൻ'' എന്നു പ്രശംസിച്ചുകൊണ്ട് ദൈവജനം വൈദികന്റെ പ്രാർത്ഥനകൾ സ്വന്തമാക്കുകയാണ്. നർസേ ഇപ്രകാരം പറയുന്നു: ''കാർമ്മികൻ ദൈവതിരുമുമ്പിൽ പറയുന്ന സകലതിനും അദ്ദേഹത്തിന്റെ എല്ലാ ശുശ്രൂഷകൾക്കും ശേഷം ജനം ആമ്മേൻ എന്നു ചൊല്ലുന്നു. അദ്ദേഹത്തിന്റെ കൂടെ ജനത്തിന്റെ കയ്യും വയ്ക്കപ്പെടുന്നുവെന്നാണ് ആമ്മേൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. അദ്ദേഹത്തിന്റെ പ്രാർത്ഥനകളിലും വാക്കുകളിലും അവർ യോജിപ്പു പ്രകടിപ്പിക്കുന്നുവെന്നു സാരം.''

വത്തിക്കാൻ സുറിയാനി കോഡെക്സ് 303 (എ. ഡി. 1688) എന്ന കയ്യെഴുത്തുപ്രതിയനുസരിച്ച്, തിരുനാൾ ദിവസങ്ങളിൽ തിയഡോറിന്റെ അനാഫൊറായിലെ ആദ്യത്തെ കാനോനയാണ് മേൽപറഞ്ഞ കാനോനയ്ക്കു പകരം ചൊല്ലുന്നത്. അതിപ്രകാരമാണ്. 'അങ്ങയുടെ ഏകജാതന്റെ കൃപയാലും കരുണയാലും ആദിമുതൽ ''അങ്ങയെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടും കൂടെ അങ്ങേയ്ക്കും അവനും ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും''.

(തുടരും)

www.dukhrana.in

ചിന്താ തരംഗം

'ക്ഷമാ, ബലമശക്തനാം ശക്തനാം ഭൂഷണം ക്ഷമ' എന്നൊരു നീതിസാരവാക്യമുണ്ട്.

അശക്തന്മാരുടെ ശക്തിയും ശക്തന്മാരുടെ അലങ്കാരവുമായിട്ടാണ് പ്രാചീനാചാര്യന്മാർ ക്ഷമയെ കണ്ടിട്ടുള്ളത്.

ദൈനംദിന ജീവിതത്തിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ സംഭവിക്കാത്തവരില്ല. തെററു ചെയ്യുന്നവരോടെല്ലാം കയർക്കാൻ തുടങ്ങിയാൽ നാടും വീടും കലാപശാലകളായി മാറും. പലതും കണ്ടും കേട്ടുമില്ലെന്നു വയ്ക്കുകയേ തരമുള്ളു. തെററു സ്വാഭാവികവും ക്ഷമ ദൈവികവുമാണ്. ക്ഷമിക്കുകയും മാപ്പു നൽകുകയും ചെയ്യുക മനുഷ്യസ്വഭാവമനുസരിച്ച് അത്ര എളുപ്പമല്ല. തെററു ചെയ്തവരെ വിമർശിക്കുവാനും അവരെ ഭർത്സിക്കുവാനുമാണ് നമ്മുടെ പ്രവണത. പക്ഷേ നാമും അത്തരത്തിലുള്ള തെററുകൾക്കു വശംവദരാണെന്നുള്ളതു നാം സൗകര്യപൂർവ്വം വിസ്മരിക്കും. നമ്മൾ കുററം ചെയ്താലോ പൊറുതി ലഭിക്കുവാനായി നാം പാഞ്ഞുനടക്കുകയും ചെയ്യും. കർത്താവ് അരുളിച്ചെയ്തതുപോലെ, നാം കുററങ്ങൾ ക്ഷമിച്ചാൽ മാത്രമേ നമ്മോടും ക്ഷമിക്കപ്പെടുകയുള്ളു. (മത്തായി 6, 14–15) എന്ന വസ്തുത നാം മനസ്സിൽ സൂക്ഷിക്കാറില്ലേ. ദൈവത്തോടും മനുഷ്യരോടും രമ്യപ്പെടുത്തുന്ന അനുരഞ്ജന കൂദാശ സ്വീകരിച്ചതിനു ശേഷവും നാം നമുക്കെതിരു ചെയ്തവരുടെ കുററങ്ങൾ ക്ഷമിക്കാതിരുന്നിട്ടില്ലേ? കാരണം ക്ഷമിക്കുക വളരെ എളുപ്പമല്ല. ദൈവത്തിന്റെ പ്രസാദവരമുണ്ടെങ്കിലേ നമുക്കു ക്ഷമിക്കാനാവൂ. നമ്മിലെ ദൈവാംശത്തിനു മങ്ങലേല്ക്കുംതോറും മാപ്പു നൽകാനുള്ള നമ്മുടെ കഴിവും കുറഞ്ഞുകൊണ്ടിരിക്കും. സമ്പൂർണ്ണമായി ക്ഷമിക്കാൻ ദൈവത്തിനേ കഴിയൂ, കാരണം അതു ദൈവികമായ പ്രവൃത്തിയാണ്.

ധൂർത്തപുത്രന്റെ കഥയിലെ പിതാവിനെപ്പോലെ ക്ഷമിക്കാനും സ്വീകരിക്കാനും നമുക്കു കഴിയുമോ? പഴയനിയമത്തിലെ ജോ

ഏഴ് എഴുപതു തവണ

സഫിനെപ്പോലെ തന്നെ ഉപദ്രവിച്ചവർക്കു നന്മചെയ്യാൻ, അവർക്കു സമ്പൂർണ്ണമായി മാപ്പുകൊടുക്കാൻ നമുക്കാവുമോ? വാസ്തവത്തിൽ ജോസഫിന്റെ ഹൃദയാവർജ്ജകമായ കഥ ആരെയാണ് പുളകമണിയിക്കാത്തത്? ജോസഫിനെ

www.dukhrana.in

പ്പോലെ ദൈവിക ചൈതന്യം ത്രസിക്കുന്നവരായിരുന്നു നാമെങ്കിൽ ലോകത്തിൽ ഇത്രയേറെ അസമാധാനവും അശാന്തിയും ഉണ്ടാകുമായിരുന്നില്ല. വീടുകളിൽ ഹോസ്റ്റലുകളിൽ, സന്യാസ ഭവനങ്ങളിൽ, തൊഴിൽ ശാലകളിൽ .... മനുഷ്യ ജീവിതത്തിന്റെ സകല തലങ്ങളിലും ഇന്നത്തേതിലുമധികം ശാന്തി കളിയാടാൻ ഒരു പോംവഴിയേ ഉള്ളൂ, ക്ഷമിക്കുക.

പലപ്പോഴും കഠിനമായ ജീവിതാനുഭവങ്ങളിൽ കൂടി നമുക്കു കടന്നുപോകേണ്ടിവന്നേക്കാം. ആ അനുഭവങ്ങളുടെ പിന്നിൽ ആരാണു പ്രവർത്തിച്ചതെന്നും നാമറിഞ്ഞിരിക്കാം. ഒരുപക്ഷേ ശൈശവത്തിലോ, അല്ലെങ്കിൽ കൗമാരത്തിലോ യൗവനത്തിലോ ആയിരിക്കാം നമ്മെ ഇളക്കിമറിച്ച ആ ദുരന്തം സംഭവിച്ചതു്. അതിന്റെ വടുകെട്ടിയ ഹൃദയവുമായാണു് നാം കഴിയുന്നതെങ്കിൽ നമുക്കു ക്ഷമിക്കാൻ ബുദ്ധിമുട്ടാകും. അന്യരോടു നാം ക്ഷമിക്കുന്നില്ലെങ്കിൽ ദൈവത്തിന്റെ വിമോചകമായ ക്ഷമ നമ്മിലേയ്ക്കു പ്രവേശിച്ചിട്ടില്ലെന്നാണർത്ഥം.

നാം സൗഹൃദബന്ധങ്ങൾ തകർത്തിട്ടുണ്ടോ? ഏതെങ്കിലും വിധത്തിൽ നമ്മോടു തിന്മ പ്രവർത്തിച്ചവരോടു കാലുഷ്യം വച്ചുപുലർത്തുന്നുണ്ടോ? ഒരുപക്ഷെ നമ്മോടു തന്നെയായിരിക്കും നമ്മുടെ വൈരാഗ്യവും വിദ്വേഷവും. സ്വയം അംഗീകരിക്കുകയല്ലാതെ, സ്വന്തം ചെയ്തികൾക്കു് ഉത്തരവാദിത്വമേറ്റെടുക്കാതെ, അവയ്ക്കു മാപ്പു ചോദിക്കാതെ കുററബോധത്തിൽ നീന്തുകയാണോ നാം? തികച്ചും നിഷ്ഫലവും അർത്ഥശൂന്യവുമായ ഒരു ജീവിതമായിരിക്കും ഇത്തരത്തിലുള്ള നടപടികൾ.

ദൈവത്തിന്റെ ക്ഷമയ്ക്കു് നമ്മെത്തന്നെ നമുക്കു് അർഹരാക്കാം. സഹോദരനോടു കോപിക്കുന്നവൻ പോലും ദൈവകോപത്തിനിരയാകും എന്ന വാക്കുകൾ എത്ര ശക്തമാണു്!

ഞാൻ എത്ര പ്രാവശ്യമാണു് ക്ഷമിക്കുകയെന്ന അസഹ്യ ചിന്ത നമ്മിലുദിക്കുമ്പോൾ കർത്താവു പറഞ്ഞ വാക്യം ഓർമ്മിക്കുക. ''ഏഴു് എഴുപതു പ്രാവശ്യം''.

(7—ാം പേജിൽനിന്നും തുടർച്ച)

ളിൽ നിന്നു് ഒരു കാര്യം വ്യക്തമാണു്. ഇതരമതഗ്രന്ഥങ്ങളേയോ ആധുനികഗ്രന്ഥകാരന്മാരേയോ നവീന ദൈവശാസ്ത്രസിദ്ധാന്തങ്ങളേയോ അല്ല പുതിയ അനാഫൊറകളുടെ രചനയിൽ ആശ്രയിച്ചിട്ടുള്ളതു്. ഏതൊരു ആരാധനക്രമവും അനാഫൊറായും ആരാധനക്രമനവീകരണവും വേദപുസ്തകത്തിലും സഭാപിതാക്കന്മാരുടെ പഠനങ്ങളിലും സഭാപാരമ്പര്യങ്ങളിലും അധിഷ്ഠിതമായിരിക്കണം. അല്ലാത്ത പക്ഷം അതു ക്രൈസ്തവമാകില്ല.

ലത്തീൻ ആരാധനക്രമത്തെപ്പററി ആയാലും സീറോ—മലബാർ ആരാധനക്രമത്തെപ്പററി ആയാലും അഗാധവും വസ്തുനിഷ്ഠവുമായ പഠനം ആവശ്യമാണു്. അതുകൂടാതെയുള്ള നവീകരണശ്രമങ്ങൾ പാളിച്ച പററാനെ ഉപകരിക്കൂ. ○ ○

കാഴ്ചസമർപ്പണം?!

(തുടർച്ച)

www.dukhrana.in

സീറോ-മലബാർ കർബാനയുടെ അനാഫൊറായ്ക്കു ഒരുക്കമായുള്ള കാഴ്ചകളെ രണ്ടായി തിരിക്കാം. അതിൽ തിരുവസ്തുക്കളുടെ ഒരുക്കം ഡീക്കന്മാരുടെ നേതൃത്വത്തിലാണ് നടക്കുന്നതെന്നും അതിന്റെ വിശദാംശങ്ങളേവയെന്നും കഴിഞ്ഞ ലക്കങ്ങളിൽ വിവരിക്കുകയുണ്ടായി. ഈ ലേഖനത്തിൽ കാഴ്ചികൻ തന്നെ നേതൃത്വം കൊടുക്കുന്ന ആദ്ധ്യാത്മിക ഒരുക്കത്തെക്കുറിച്ചു പറയുന്നു.

ആദ്ധ്യാത്മിക ഒരുക്കം

കൈകഴുകൽ, മദ്ബഹായുടെ കവാടത്തിലേക്കുള്ള പ്രദിക്ഷിണം, വിശ്വാസപ്രഖ്യാപനം, ഡീക്കന്റെ പ്രഘോഷണ പ്രാർത്ഥന, അൾത്താരയിങ്കലേക്കുള്ള സമീപനം, പ്രാത്ഥനായാചന, ഗ്രന്ഥപ്രാത്ഥന, സമാധാനാശംസ, പ്രത്യേക നിയോഗങ്ങളുടെ പ്രഖ്യാപനം, കാരോസുസാ പ്രാത്ഥന, തിരുവസ്ത്രക്കളുടെ അനാവരണം, തിരുവസ്ത്രക്കളെ ധൂപിക്കൽ-ഇത്രയും കർമ്മങ്ങൾ ഉൾകൊള്ളുന്നതാണ് ഈ ആദ്ധ്യാത്മിക ഒരുക്കം.

കൈകഴുകൽ:

അനാഫൊറായ്ക്കുള്ള ഒരുക്കമായ കൈകഴുകൽ ബേമ്മായിൽ വച്ചാണ് നടത്തുന്നത്. ബാഹ്യമായ ശുചീകരണമല്ല ആന്തരിക ശുചീകരണമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. തദവസരത്തിൽ കാർമ്മികൻ ചൊല്ലുന്ന പ്രാത്ഥന തന്നെ ഇക്കാര്യം വ്യക്തമാക്കുന്നു. ''സകലത്തിന്റേയും നാഥനായ ദൈവം തന്റെ കൃപയുടെ സോപ്പുകൊണ്ട് നമ്മുടെ പാപങ്ങളുടേയും കടങ്ങളുടേയും കളങ്കം നീക്കിക്കളയട്ടെ. തന്റെ വിശാലമായ കൃപാസമൃദ്ധിയിൽ നമ്മുടെ അപരാധങ്ങളുടെ മാലിന്യം കഴുകിക്കളയുകയും ചെയ്യട്ടെ. ആമ്മേൻ'' എന്നു ചൊല്ലിക്കൊണ്ട് കൈകൾ കഴുകുകയും, ''കർത്താവ് തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ കറ തുടച്ചു നീക്കട്ടെ'', എന്നു ചൊല്ലിക്കൊണ്ട് കൈകൾ തുടയ്ക്കുകയും ചെയ്യുന്നു.

പ്രത്ഥനയിൽ നിന്നും വ്യക്തമാകുന്നതുപോലെ, കാർമ്മികന്റെ മാത്രം ആന്തരിക ശുചീകരണത്തി

ന്റെ പ്രതീകമല്ല ഈ കർമ്മം; പ്രത്യുത, താൻ പ്രതിനിധാനം ചെയ്യുന്ന ആരാധനാ സമൂഹത്തിന്റെ മുഴുവൻ ശുചീകരണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ബഹുവചനത്തിലുള്ള പ്രാർത്ഥന തന്നെ അതു സ്ഥിരീകരിക്കുന്നുമുണ്ട്. അതുകൊണ്ട് ആരാധനാസമൂഹത്തിലെ ഓരോ അംഗവും ഈസോപ്പുതണ്ടുകൊണ്ട് ഓരോരുത്തരുടേയും ആന്തരിക വിശുദ്ധിയെ കഴുകിച്ചു് പരിശുദ്ധീകരിക്കുവാൻ കടപ്പെട്ടവനാണ്.

മദ്ബഹായിലേയ്ക്കുള്ള പ്രദക്ഷിണം:

കൈകഴുകിയശേഷം, കാർമ്മികൻ ശുശ്രൂഷികളോടൊത്തു് മദ്ബഹായുടെ കവാടത്തിങ്കലേയ്ക്കു നീങ്ങുന്നു. വിശുദ്ധ കുർബാനയിൽ ഇതുവരെയുള്ള ഭാഗം ബേമ്മായിൽ വച്ചാണു് നടത്തുന്നതെന്നും, ബേമ്മായുടെ മുമ്പിൽ വിരിക്കുന്ന ചതുരാകൃതിയിലുള്ളതും വിശുദ്ധകുർബ്ബാന മുന്നിപ്പിടിപ്പിച്ചിട്ടുള്ളതുമായ തിരുവസ്ത്രത്തിന്റെ നാലു വശങ്ങളിലും പൊന്നു് നിർദ്ദിഷ്ട ഗീതങ്ങളും ആലപിച്ചു് സഷ്ടാംഗ പ്രണാമം ചെയ്തു് വിശുദ്ധകുർബ്ബാനയെ ചുംബിച്ചുകൊണ്ടാണു് പ്രസ്തുത ആചരണം നടത്തുന്നതു്. ഇതിനു ശേഷമാണു് മദ്ബഹായുടെ കവാടത്തിങ്കലേയ്ക്കു് നീങ്ങുന്നതു്.

വിശ്വാസപ്രഖ്യാപനം:

മദ്ബഹായുടെ കവാടത്തിങ്കലെത്തുന്ന പുരോഹിതൻ നന്നായി കുനിഞ്ഞു നിന്നുകൊണ്ടു് താഴെ

ഡോ. വർഗ്ഗീസു് പാത്തിക്കുളങ്ങര സി. എം. ഐ.

ഈ ദൈവാലയത്തിന്റെ നടുവിലാണെന്നുമുള്ള ആരാധനക്രമപാരമ്പര്യം അനുസരിക്കുമ്പോഴും മാത്രമേ, ഈ പ്രദക്ഷിണത്തിന്റെ പ്രസക്തി മനസ്സിലാകുകയുള്ളൂ. ദൈവജനം ദൈവാലയത്തിൽ ഒരുമിച്ചുകൂടി ദൈവവചനം പ്രഘോഷണം ചെയ്തു് ആസ്വദിച്ചശേഷം, മാംസമായ ദൈവവചനത്തിന്റെ ആഘോഷണത്തിനായി പ്രത്യേകം അഭിഷിക്തനായിരിക്കുന്ന പുരോഹിതൻ വിശുദ്ധിയുടെ വിശുദ്ധസ്ഥലത്തേയ്ക്കു് പ്രവേശിക്കുകയാണിപ്പോൾ! ദാസ ക്രമത്തിൽ പുതയ്സ്ലിയും തികച്ചും അർത്ഥവത്തുമായ ഒരു കർമ്മം ഈ സ്ഥായത്തു നടക്കുന്നുണ്ടു്. ബലിയർപ്പിക്കുവാൻ നിയുക്തനായ പുരോഹിതൻ തന്റെ നിലവിനെ തയ്യാറാക്കുന്നു. പൂർണ്ണ വിശുദ്ധിയിൽ, പ്രത്യേകിച്ചു് ത്രിത്വത്തിന്റെ മദ്ധ്യസ്ഥതയിലും പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്തിലും ഉറച്ചുനിന്നു പ്രഘോഷിക്കുന്ന ഒരു കർമ്മമാണിതു്. ബേമ്മായുടെ മുമ്പിൽ വിരിക്കുന്ന ചതുരാകൃതിയിലുള്ളതും വിശുദ്ധകുർബ്ബാന മുന്നിപ്പിടിപ്പിച്ചിട്ടുള്ളതുമായ തിരുവസ്ത്രത്തിന്റെ നാലു വശങ്ങളിലും പൊന്നു് നിർദ്ദിഷ്ട ഗീതങ്ങളും ആലപിച്ചു് സഷ്ടാംഗ പ്രണാമം ചെയ്തു് വിശുദ്ധകുർബ്ബാനയെ ചുംബിച്ചുകൊണ്ടാണു് പ്രസ്തുത ആചരണം നടത്തുന്നതു്. ഇതിനു

www.dukhrana.in

വരുന്ന പ്രാർത്ഥന ചൊല്ലുന്നു: കഴുകി വെടിപ്പാക്കപ്പെട്ടതും ദുർവിചാരങ്ങളിൽനിന്നു ശുദ്ധീകൃതവുമായ ഹൃദയത്തോടെ വിശുദ്ധിയുടെ വിശുദ്ധസ്ഥലത്തു പ്രവേശിക്കുവാനും നിർമ്മലതയോടും ഭക്തിയോടും ശുദ്ധയോടും വിശ്വാസിയോടുംകൂടെ അങ്ങയുടെ ബലിപീഠത്തിൻ മുമ്പാകെ നില്പുവാനും ആദ്ധ്യാത്മികവും മനുഷ്യബുദ്ധിക്കു ചേർന്നതുമായ ബലികർമ്മം യഥാർത്ഥ വിശ്വാസത്തോടെ അങ്ങേയ്ക്കുവർപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ.''

പ്രാർത്ഥന അതിൽതന്നെ വ്യക്തമാണു്. താനും ദൈവജനവും തമ്മിലുള്ള ബന്ധം ഒരിക്കലും കർമ്മികനായ പുരോഹിതൻ് മറക്കുന്നില്ല. ഇരുകൂട്ടരുടേയും വിശുദ്ധി, അതിവിശുദ്ധ സ്ഥലത്തു നില്ക്കുന്നതിനും ബലിയർപ്പിക്കുന്നതിനും അത്യാവശ്യമാണെന്നും അദ്ദേഹത്തിനു് ബോധ്യമുണ്ടു്. ബലിയുടെ സ്വഭാവവും കാർമ്മികനായ പുരോഹിതനു് വ്യക്തമാണു്. ഈശോമിശിഹായിൽ പൂർത്തിയായതാണു് ഈ ബലി. മനുഷ്യബുദ്ധിക്കു് അഗ്രാഹ്യമായ വിധത്തിൽ ഫലം പുറപ്പെടുവിക്കുന്ന സജീവപ്രതീകങ്ങളിൽ കൂടിയാണു് ഈ ബലി അർപ്പിക്കപ്പെടുന്നതു്. യഥാർത്ഥ വിശ്വാസമില്ലെങ്കിൽ ഇതൊന്നും മനസ്സിലാക്കുവാനോ അനുഭവിക്കുവാനോ സാദ്ധ്യമല്ല. അതുകൊണ്ടു് ആദ്യമായി തങ്ങളുടെ സത്യവിശ്വാസം ഏറ്റു പറയുക തന്നെ!

സാവ്വത്രികവിശ്വാസ പ്രമാണം, പ്രധാനം.

എത്തിയോപ്പിയൻ സഭ ഒഴിച്ചു് മറെറല്ലാ പൗരസ്ത്യ സഭകളും വിശുദ്ധ കുർബാനയിൽ തങ്ങളുടെ വിശ്വാസം ഏറ്റുപറയുന്നതു് നിഖ്യാ വിശ്വാസ പ്രമാണം ചൊല്ലിക്കൊണ്ടാണു്. A. D. 325—ൽ നിഖ്യായിൽ കൂടിയ ആദ്യത്തെ സാവ്വത്രിക സൂനഹദോസാണു് ഈ വിശ്വാസ സംഹിതയുടെ കരട് രേഖ തയ്യാറാക്കിയതു്. അതുകൊണ്ടാണു് നിഖ്യാ വിശ്വാസപ്രമാണം എന്നു പറയുന്നതു്. ഇതു് എല്ലാ സഭകൾക്കും വേണ്ടി പ്രത്യേകമായി ക്രമീകരിച്ച ഒന്നായതു കൊണ്ടു് സാർവ്വത്രിക വിശ്വാസ പ്രമാണം എന്ന പേരിലും അറിയപ്പെടാറുണ്ടു്. ഈ വിശ്വാസ പ്രമാണത്തിനു് അടിസ്ഥാനമിട്ടതു് നിഖ്യാ സൂനഹദോസാണെങ്കിലും ഇതിന്റെ പൂർണ്ണ രൂപം അംഗീകരിച്ചുറപ്പിച്ചതു് 381 — ൽ കൂടിയ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസാണു്. അതുകൊണ്ടു് നിഖ്യാ— കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസ പ്രമാണം എന്നും ഇതിനു പേരു പറയാറുണ്ടു്. അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണം എന്ന തലക്കെട്ടിൽ 1968-ൽ സീറോമലബാർ കുർബ്ബാന ക്രമത്തിൽ കൂട്ടിച്ചേർത്തിട്ടുള്ള വിശ്വാസ പ്രമാണ സംഹിത ലത്തീൻ സഭയിൽ മാമ്മോദീസായുടെ കർമ്മത്തോടു ബന്ധപ്പെട്ടു് രൂപം കൊണ്ട വിശ്വാസ പ്രമാണമാണു്. അതിനു്

സീറോ മലബാർ കുർബ്ബാനക്രമവുമായി ബന്ധമില്ലെന്നും അതുകൊണ്ട് അവിടെ അതുപയോഗിക്കേണ്ടതല്ലെന്നും റോമിൽ നിന്നു തന്നെ സീറോ മലബാർ സഭയിലെ മെത്രാന്മാരെ ഈ അടുത്ത കാലത്ത് അറിയിച്ചിട്ടുണ്ടെന്നുള്ള കാര്യം നാമിവിടെ ശ്രദ്ധിക്കുക.

ഡീക്കന്റെ പ്രാർത്ഥാപ്പണ പ്രാർത്ഥന!

വിശ്വാസപ്രമാണം അവസാനിക്കുമ്പോൾ, കാർമ്മികൻ ഡീക്കന്റെ നേരെ തിരിഞ്ഞ്, ''സകലത്തിന്റേയും നാഥനായ ദൈവം തന്റെ സ്തുതികൾ പാടുന്നതിന് നിന്നെ ശക്തനാക്കട്ടെ'' എന്നു ചൊല്ലിക്കൊണ്ട് അദ്ദേഹത്തെ ആശീർവ്വദിക്കുന്നു. സഭയുടെ നാമത്തിൽ ഡീക്കൻ നടത്തുന്ന വളരെ പ്രധാനപ്പെട്ട ഒരു പൊതു യാചനാ പ്രാർത്ഥനയാണ് തുടർന്നു വരുന്നത്. അതുകൊണ്ടാണ് അതിനൊരുക്കമായി ഒരു പ്രത്യേക ആശീർവാദം അദ്ദേഹത്തിനു നല്കുന്നത്.

''നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ. കാതോലിക്കാമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാരുടേയും എല്ലാ പുരോഹിതന്മാരുടേയും മ്ശമ്ശാനാമാരുടേയും ബ്രഹ്മചാരികളുടേയും കന്യകകളുടേയും നമ്മുടെ ജനയിതാക്കളുടേയും സഹോദരരുടേയും പുത്രീപുത്രന്മാരുടേയും, മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ എല്ലാ ഭരണ കർത്താക്കളുടേയും, സത്യ വിശ്വാസത്തിൽ മരിച്ച് ഈ ലോകത്തിൽ നിന്നു വേർപേട്ടു പോയ എല്ലാവരുടേയും, ഈ സ്ഥലത്തും എല്ലാ സ്ഥലങ്ങളിലുമുള്ള പ്രവാചകരുടേയും പ്രീഹനാരുടേയും രക്തസാക്ഷികളുടേയും വന്ദകരുടേയും ഓർമ്മയ്ക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. മരിച്ചവരിൽ നിന്നുള്ള ഉയിർപ്പിൽ അവരെ മുടി ധരിപ്പിക്കുവാനിരിക്കുന്ന ദൈവം, അവരോടുകൂടെ നമുക്കും സ്വർഗ്ഗരാജ്യത്തിൽ നല്ല ശരണവും ഭാഗഭാഗിത്വവും ജീവനും അവകാശവും നല്കട്ടെ. എന്റെ കർത്താവേ, ആശീർവദിക്കണമെ. ഈ കുർബാന സന്തുഷ്ടിയോടുകൂടെ സ്വീകരിക്കപ്പെടുകയും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന്റെ വചനത്താൽ പവിത്രീകരിക്കപ്പെടുകയും ചെയ്യട്ടെ. മിശിഹായുടെ കൃപയാൽ ഇതു നമുക്കു സഹായത്തിനും രക്ഷയ്ക്കും സ്വർഗ്ഗരാജ്യത്തിൽ എന്നേക്കുമുള്ള ആയുസ്സിനുമായി ബ്ഭവിക്കട്ടെ.''

(തുടരും)

www.dukhrana.in

ദേവാലയഗീതങ്ങൾ

തിരുസഭ ഒരു വത്സരത്തെ പല കാലങ്ങളായി തിരിച്ചിരിക്കുന്നത് എന്തിനുവേണ്ടിയാണ്? അതിനെന്തെങ്കിലും അർത്ഥവും പ്രസക്തിയുമുണ്ടെങ്കിൽ ''ഒനീസ്സാ ദ്രാസ്സേ''യിൽ ചൊല്ലേണ്ട കാലങ്ങളുടെ പ്രാർത്ഥന ഉപേക്ഷിച്ചിട്ട് എവിടന്നോ എങ്ങിനെയോ ലഭിച്ചിട്ടുള്ള പുതിയ കുറെ പാട്ടുകൾ കാമ്മിക്കൻ തന്നെയോ വിശ്വാസികളുമായി യാതൊരു ബന്ധമില്ലാതെ ദേവാലയ സങ്കീർത്തിയിൽ തപസ്സനുഷ്ഠിക്കുന്ന ഗായകസംഘത്തിനെ കൊണ്ടോ പാടിക്കുന്നതിൽ എന്ത് സാംഗത്യമാണുള്ളത്.

ദൈവജനം അൾത്താരക്കു മുമ്പിൽ നിരന്നുനിൽക്കുമ്പോൾ ആ ക്കും മനസ്സിലാകാത്തതും കേട്ടിട്ടില്ലാത്തതും സന്ദർഭത്തിനു ചേരാത്തതുമായ പാട്ടുപാടി വിശ്വാസികളുടെ വായ് മുടിക്കെട്ടുന്നതു് എന്തർത്ഥത്തിലാണ്. രക്ഷാകരചരിത്രത്തെപ്പറ്റി ചിന്തിക്കുകയും ധ്യാനിക്കുകയും പ്രത്യുത്തരമരുളുകയും ചെയ്യേണ്ട വിശ്വാസികളെ ഈ വിധം നിന്ദിക്കുന്നതെന്തിനു്? ഇതു് ആരാധനാചൈതന്യത്തിനും ക്രൈസ്തവകൂട്ടായ്മക്കും ചേർന്നതാണോ?

കെ. വി. മാത്യു കന്നേൽ എടത്വാ.

സംശയങ്ങൾക്ക് ഒരുപുനം

ശ്രീ കെ. വി. മാത്യുവിന്റെ ചോദ്യങ്ങളും തികച്ചും പ്രസക്തമാണ്, ചില വൈദികരും അല്മായ സഹോദരന്മാരും ഇതേ ചോദ്യങ്ങൾ ഉന്നയിക്കുകയും തങ്ങളുടെ ആകുലത പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. സങ്കീർത്തനം, ഓനീസാ ദ്രാസേ, വായനകൾ, ഓനീസാദ്വേം, ഓനീസാദ്വാത്തേ തുടങ്ങിയവ ആരാധനക്രമവത്സരത്തിന്റെ ചൈതന്യം പ്രദാനം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്. അക്കാരണത്താൽ അവ ആദരിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിന്റെ പ്രയോജനത്തിനു് അവ ഉപയോഗിക്കുകയും വേണം.

ഒരാളുടെയോ കുറെവ്യക്തികളുടേയോ ഇഷ്ടാനുസരണം കർബാനയിലെ പാട്ടുകൾക്കു പകരം മറ്റുപാട്ടുകൾ ഉപയോഗിക്കുന്നതു ശരിയല്ല; അതതു ദിവസത്തിന്റെ ചൈതന്യത്തോടു യോജിച്ചു പോകുന്ന ഗീതമേ ഉപയോഗിക്കാവൂ. ''സൂശാ നീ പരിശുദ്ധൻ'' എന്നൊരു പദമുള്ളതുകൊണ്ട് ''ബലവാനേ നീ പരിശുദ്ധൻ'' എന്നു തുടങ്ങുന്ന

ത്രൈശ്ലദ്ധകീർത്തനത്തിനു് അതു് ഉപയോഗിക്കേണ്ടതില്ല. ''ഓശാന'' എന്നൊരു വാക്കുള്ളതുകൊണ്ടു് മാലാഖാമാരുടെ കീർത്തനമായ ''പരിശുദ്ധൻ നിത്യം പരിശുദ്ധൻ'' എന്ന കീർത്തനം ഉപയോഗിക്കുന്നതും സംഗതമല്ല.

അതിപുരാതനവും എല്ലാ സഭകളിലും ഉപയോഗിക്കുന്നതുമായ ത്രൈശ്ലദ്ധകീർത്തനം പരിശുദ്ധനും ബലവാനും അമർത്ത്യനുമെന്നു് ദൈവത്തെ വിശേഷിപ്പിച്ചു് സ്തുതിക്കുന്നതാണു്. ഓശാന എന്ന കീർത്തനം മാലാഖാമാരോടൊത്തു സ്രഷ്ടാവായ ദൈവത്തെ സ്തുതിച്ചാരാധിക്കാനുള്ളതാണു്. നമ്മുടെ കുർബാനയിൽ ''ഒലിവിലക്കൊമ്പുമായി'' ഈശോയെ സ്തുതിച്ച ബാലകരോടൊത്തുള്ള ഗീതമല്ല, അതു്.

അതിദയനീയമായിട്ടുള്ള മറെറാരു കാര്യം, ബൃഹത്തായ പ്രതിഫലം നൽകി കൊണ്ടുവരുന്ന ഗായക സംഘത്തിന്റെ പള്ളിയിലെ ''ഗാനമേള''യാണു്. ഈ മേള ജനങ്ങളെ ആകർഷിച്ചുവരുന്ന കാലമാണിതു്. കാതിനു് ഇമ്പവും പുതുമയും പകരുന്ന പുതിയ ഗാനങ്ങൾ! പക്ഷേ അവ ആരാധനാസമൂഹത്തിന്റെ വായടച്ചുകെട്ടുന്നു! ആരാധനാസമൂഹത്തെ തികച്ചും മൂകസാക്ഷികളാക്കുന്ന സംവിധാനം അതിനെ അനുകരിച്ചു് വ്യക്തികളും സ്ഥലത്തെ ഗായകസംഘവും ''മാർക്കറിൽ ഇറങ്ങുന്ന'' പുതിയ പുതിയ ഗാനങ്ങൾ ബലിയർപ്പണവേളയിൽ പരീക്ഷിച്ചുനോക്കുന്ന രംഗം ശോചനീയമാണു്. ഒരു ഗാനമേളയുടെ ശൈലിമാറി, സംഗീതോപകരണങ്ങളുടെ അതിപ്രസരത്തിനു് അനുതിവരുത്തി, സമൂഹത്തിനു് ക്ലിഷ്ടതകൂടാതെ പാടാവുന്ന ഗാനങ്ങൾ ആലപിക്കേണ്ടതാണു്. പുതുമയുടെ പരിവേഷവും രാഗത്തിന്റെ അപ്രാപ്യതയും നിമിത്തം സമൂഹം സൈരൃമായി പ്രാർത്ഥിക്കാതിരിക്കാൻപോലും ഈ ഗാനമേളകൾ ഇടയാക്കാറുണ്ടു്. ഇക്കൂട്ടത്തിൽ ഒരുകാര്യംകൂടെ ആണ്ടുവട്ടത്തിലെ സുപ്രധാനമായ അവസരങ്ങളിലെ കുർബാനകളിൽ ഉദാ:— പള്ളിയിലെ പ്രധാനതിരുനാൾ, ഗ്രൂപ്പുട്ടാനശുശ്രൂഷ, സന്യാസിനികളുടെ വ്രതവാഗ്ദാനച്ചടങ്ങുകൾ— ഗായകസംഘത്തിനു് അമിത പ്രാധാന്യം കൊടുത്തുകൊണ്ടു് ആരാധനസമൂഹത്തിന്റെ സജീവഭാഗഭാഗിത്വത്തെ നശിപ്പിക്കുന്ന രീതി ഒട്ടും ആദരണീയമല്ല. ചങ്ങനാശ്ശേരി, കോതമംഗലം, കാഞ്ഞിരപ്പള്ളി തുടങ്ങിയ ചില രൂപതകളിൽ കുർബാനയ്ക്കു ആലപിക്കാനുള്ള ഗാനങ്ങൾ പ്രത്യേകം നിർദ്ദേശിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണു്.

www.dukhrana.in

ഗ്രന്ഥപരിചയം

പൗരസ്ത്യ ആരാധനക്രമങ്ങളുടെ ലോകം

John Madey(ed), The Eucharistic Liutrgy in the christian East. Prakasam Publications Kottayam, PP 400 Price?

തിരുസഭയുടെ പരമമായ ആരാധനയാണ് വിശുദ്ധ കുർബാന. ദൈവപുത്രനായ ഈശോമിശിഹായുടെ കല്പനാനുസൃതം അവിടുത്തെ അനുയായികൾ ആചരിക്കുന്ന ഈ ''അനുസ്മരണാശുശ്രൂഷ'' അഗ്രാഹ്യമായ ഒരു ദൈവികരഹസ്യമാണ്.

തിരുസഭയിൽ ആരാധനക്രമങ്ങളിൽ വൈവിധ്യമുണ്ട്. കാരണം തിരുസഭയെന്നാൽ സത്യത്തിലും അനുഷ്ഠിയിലും ദൈവാരാധന നടത്തുന്ന സമൂഹങ്ങളാണല്ലോ. ഓരോ സഭയുടെയും വ്യക്തിത്വം നിർണ്ണയിക്കുന്ന ഘടകങ്ങളിൽ സുപ്രധാനം അതിന്റെ ആരാധനക്രമമാകുന്നു. കാരണം സഭയുടെ വിശ്വാസജീവിതത്തിന്റെയും വേദപുസ്തകാധിഷ്ഠിതത്വത്തിന്റെയും പ്രകാശനമാണത്. സഭയുടെ ദൈവശാസ്ത്രവും ആധ്യാത്മികതയും വരുന്നത് ആരാധനക്രമത്തെ കേന്ദ്രീകരിച്ചാണ്. ഇക്കാരണങ്ങളാൽ ഓരോ സഭയുടെയും അനന്യതയും ദൈവശാസ്ത്ര ദർശനവും ആധ്യാത്മിക ജീവിത ശൈലിയും ഗ്രഹിക്കുന്നതിന് അവയുടെ ആരാധനക്രമം അപഗ്രഥിച്ചേ പറ്റൂ. അങ്ങനെയൊരപഗ്രഥനമാണ് പൗരസ്ത്യ ആരാധനക്രമങ്ങളിൽ പാണ്ഡിത്യം നേടിയിട്ടുള്ള പന്ത്രണ്ടു പേർ ഈ ഗ്രന്ഥത്തിലൂടെ സാധിച്ചിരിക്കുന്നത്.

ഒൻപതു പൗരസ്ത്യസഭകളുടെ കുർബാനക്രമങ്ങളാണ് ഈ ആധികാരിക ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നത്. കോപ്റ്റിക്, എത്യോപ്യൻ, സിറിയൻ, മാറോനൈറ്റ്, സീറോമലങ്കര, കാൽഡിയൻ, സീറോ-മലബാർ, മെൽക്കൈറ്റ്, അർമീനിയൻ എന്നിവയാണവ. ഓരോ കുർബാനക്രമത്തെപ്പറ്റിയും പ്രതിപാദിച്ചിരിക്കുന്നത് അതതുസഭയിലെ അംഗങ്ങളാണെന്നുള്ളതുതന്നെ ഈ ഗ്രന്ഥത്തല്പജന്യത്തിന്റെ സവിശേഷതയാണ്. ഫാ. ജേക്കബ് വെള്ളിയാൻ, ഫാ. വർഗ്ഗീസ് പാത്തിക്കളങ്ങര എന്നിവർ സീറോ-മലബാർ കുർബാനക്രമത്തെപ്പറ്റിയും ഫാ. പി.റ്റി. ഗിവർഗീസ് പണിക്കർ, ഫാ. മൈനാൻ തരകൻ ആന്റിയിൽ എന്നിവർ സീറോ-മലബാർ കുർബാനക്രമത്തെപ്പറ്റിയും എഴുതുന്നു. മറ്റുരചയിതാക്കളിൽനാലുപേർ മെത്രാന്മാരും മറ്റുള്ളവർ പണ്ഡിതന്മാരായ വൈദികന്മാരുമാണ്.

പൗരസ്ത്യ ആരാധനക്രമങ്ങളുടെ സമ്പൂർണ്ണമായ അപഗ്രഥനം ഇതിൽ സാധിച്ചില്ലെങ്കിലും അവശ്യം വേണ്ട വസ്തുതകളെല്ലാം ചരിത്രം, വ്യാഖ്യാനം, ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകളും ഇതിൽ നിബന്ധിച്ചിട്ടുണ്ട്. സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ തന്നെ അപ്പസ്തോലപൈതൃകത്തിൽ വേരുന്നി സ്വാഭാവികമായി വളർന്നുവന്ന ഈ ആരാധനക്രമങ്ങളുടെ വളർച്ചയ്ക്ക് പണ്ഡിതരും വിശുദ്ധരും ജ്ഞാനികളുമായ പിതാക്കന്മാരുടെ അധ്യാത്മാനുഭവം ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്. പൗരസ്ത്യ ദേശത്തു വളർന്നുവന്ന ഇവയിൽ കാണുന്ന സാമ്യങ്ങളും ശ്രദ്ധേയങ്ങളാണ്. പുരുക്കത്തിൽ പൗരസ്ത്യ ആരാധനക്രമങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ അറിവുപകർന്നുതരുന്ന ഉപകാരപ്രദമായ ഒരു ഗ്രന്ഥമാണിത്.

ജീ: കെ.

പാർത്താലോകം

1 പോളീഷ് ഗവൺമെൻറ് നിരീശ്വരത്വം, ഔദ്യോഗിക ജീവിത ദർശനമാക്കുകയോ?

കത്തോലിക്കാരാഷ്ട്രമായ പോളണ്ട് കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴിലാണ്. സ്വതന്ത്രമായ ഭരണകൂടമല്ലാ റഷ്യൻ നിയന്ത്രണത്തിലുള്ളഭരണകൂടമാണ് പോളണ്ടിലേതെന്ന് അടുത്തകാലത്തെ സംഭവവികാസങ്ങൾ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. മാർപ്പാപ്പയുടെ ജന്മനാടായ പോളണ്ടിലെ കത്തോലിക്കരുടെ ദൈവവിശ്വാസം ശക്തമാണ്. എതിർപ്പുകളും ഭീഷണികളും ഉണ്ടെങ്കിലും. കമ്മ്യൂണിസ്റ്റുസിദ്ധാന്തത്തിലും നിരീശ്വരത്വത്തിലും വിശ്വസിക്കുന്നവർ വെറും ന്യൂനപക്ഷമാണ്. എന്നിട്ടും, നിരീശ്വരത്വം പോളണ്ടിൻെറ ഔദ്യോഗിക ജീവിതദർശനമാക്കാൻ ഗവൺമെൻറ് നീക്കങ്ങൾ നടത്തുന്നു. പ്രസ്തുത നീക്കത്തെ പോളണ്ടിലെ കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ കർദ്ദിനാൾ ഗ്ലെംബ് ഈയിടെ എതിർത്തു. 20000 പേർ പങ്കെടുത്ത ആരാധനയുടെ മദ്ധ്യേയാണ് അദ്ദേഹം എതിർപ്പ് പ്രകടിപ്പിച്ചത്. സാമൂഹ്യാധഃപതനത്തിനുള്ള വഴിയൊരുക്കലാണ് ഗവൺമെൻറ് നീക്കത്തിൻെറ ഫലമെന്ന് അദ്ദേഹം സൂചിപ്പിച്ചിരിക്കുകയാണ്.

2. മാർക്സിസ്റ്റ് ആശയങ്ങളെ പിന്താങ്ങാൻ ഒരു കത്തോലിക്കാക്കമ്മററി!

വിയററ്നാമിലെ രണ്ട് കത്തോലിക്കാമെത്രാന്മാരെ അറസ്റ്റ് ചെയ്തതായി ഒരു ജർമ്മൻ വാർത്താഏജൻസി റിപ്പോർട്ട് ചെയ്യുന്നു. വിയററ്നാം ഗവൺമെൻറിൻെറ മാർക്സിസ്റ്റ് ആശയങ്ങളെ പിൻതാങ്ങുന്ന ഒരു ദേശീയ കത്തോലിക്കാ കമ്മററി രൂപം കൊണ്ടിട്ടുണ്ട്!. അതിൻെറ ലക്ഷ്യം, മാർക്സിയൻ ആശയങ്ങൾ കത്തോലിക്കാ വിശ്വാസത്തിൻെറ പരിവേഷത്തിലൂടെ പ്രചരിപ്പിക്കയും തദ്വാരാ യഥാർത്ഥ കത്തോലിക്കാ വിശ്വാസം ക്ഷയിപ്പിക്കയുമാണ്. ആ കമ്മററിയുടെ രൂപീകരണത്തെ മെത്രാന്മാർ എതിർത്തതുമൂലമാണ് അവർ അറസ്റ്റ് ചെയ്യപ്പെട്ടത്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ കത്തോലിക്കവിശ്വാസത്തിന് നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾക്കും ഭീഷണികൾക്കും മറെറാരുദാഹരണമാണിത്. കത്തോലിക്കാസഭയിൽ ഭിന്നിപ്പുണ്ടാക്കി രാഷ്ട്രീയലക്ഷ്യം നേടുന്ന പ്രവണത ചൈനയിലുള്ളതായി പറയപ്പെടുന്നു. ബെയിജിങ്ങിലെ മെത്രാൻ വത്തിക്കാനെ കുററപ്പെടുത്തുവാൻ പോലും തയ്യാറായി. ചൈനീസ് പ്രധാനമന്ത്രി

ഉന്നയിച്ചു ആരോപണവുമായി ഇതിനു് സാമ്യമുണ്ടതെ്രെ.

3. കൊറിയയിൽ വിശ്വാസനവോത്ഥാനം

പരിശുദ്ധപിതാവു് ജോൺ പോപ്പും രണ്ടാമന്റെ ദക്ഷിണകൊറിയാസന്ദർശനം ധാരാളം സദ്ഫലങ്ങളും പുറപ്പെടുവിച്ചുതുടങ്ങി. പിതാവിന്റെ സന്ദർശനം അവിടത്തെ ജനങ്ങളിൽ ക്രിസ്തീയ വിശ്വാസം പകരുവാൻ ഏറെ സഹായിച്ചു. ധാരാളം കൊറിയാക്കാർ വേദപഠനത്തിനും മറ്റുമായി മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നു. സിയോളിൽ അതിശ്രുതയിൽ തന്നെ 8000 പേർ കത്തോലിക്കാവിശ്വാസം സ്വീകരിക്കുവാൻ താത്പര്യം പ്രകടിപ്പിച്ചു കഴിഞ്ഞുവത്രെ! ക്രിസ്തുവിനെ അറിയുമ്പോൾ അവിടത്തെ സ്വീകരിക്കാതെ മാറിനില്ക്കാൻ സാധിക്കില്ലെന്നതിനും, അവിടത്തെ അറിയിക്കാൻ സഭ ഇനിയും മുന്നോട്ടുവരണമെന്നതിനും ഉത്തമോദാഹരണം!.

4. രണ്ടു പുരോഹിതശ്രേഷ്ഠന്മാരുടെ ചരമവാർഷികങ്ങൾ.

ഒല്ലൂർ കടവിൽ കുടുംബത്തിൽപ്പെട്ട ബ. യാക്കോബു് മല്പാന്റെ 156–ാം ചരമവാഷികം ജൂൺ 23–നും ബ. വറീത്തു കത്തനാരുടെ 94-ാം ചരമവാർഷികം ജൂൺ 24നും ഒല്ലൂർ പള്ളിയിൽ സമുചിതമായി അനുസ്മരിക്കയുണ്ടായി. ബ. യാക്കോബു് മല്പാൻ സുറിയാനിസഭയ്ക്കും രാജ്യം മുഴുവനുംവേണ്ടി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച വ്യക്തിയായിരുന്നു. സുറിയാനിഭാഷയിൽ അഗാധ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. സുറിയാനി ഭാഷയിൽ ഇരുനൂറോളംകൊല്ലം പഴക്കമുള്ള മല്പാനെഴുതിയ കയ്യെഴുത്തു ഗ്രന്ഥം കടവിൽ തറവാട്ടിലിരുന്നും സൂക്ഷിച്ചുവരുന്നു. മംഗലാപുരം, അമ്പഴക്കാട്, ഒല്ലൂർ എന്നിവിടങ്ങളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. 1911 ഡി. 1500 ൽ കടുത്തുരുത്തിയിൽ നിന്നു് ഒല്ലൂരിലേയ്ക്കു് കുടിയേറിപാർത്തതാണു് കടവിൽ കുടുംബം.

ഓറിയൻറൽ സ്റ്റഡിഫോറം

ഓറിയൻറൽ സ്റ്റഡിഫോറത്തിന്റെ 27–ാമത്തെ സമ്മേളനം ജൂലൈ 11, 12 തീയതികളിൽ M.O.C യിൽവച്ചു കൂടുകയുണ്ടായി. പൗരസ്ത്യ സഭകളെപ്പറ്റി അഗാധപാണ്ഡിത്യം നേടിയിട്ടുള്ള ഡോ. മാഡായി പൗരസ്ത്യസഭകളിലെ എക്യുമേനിക്കൽ പ്രസ്ഥാനത്തെപ്പറ്റി സമഗ്രമായി പ്രതിപാദിച്ചു. ഈ മണ്ഡലത്തിൽ ആശാവഹമായ പുരോഗതി കൈവന്നിട്ടുണ്ടെന്നു് അദ്ദേഹം സമർത്ഥിച്ചു. തെറ്റിദ്ധാരണയുടെ ഫലമായുണ്ടായ അകൽച്ച അടുത്ത സമ്പർക്കത്തിലൂടെ നീങ്ങിവരുന്ന സംഭവങ്ങളും ഉദാഹരണസഹിതം എടു

www.dukhrana.in

ത്തുകാട്ടുകയുണ്ടായി. പശ്ചിമജന്മ നിയിലെ പാഡർബോൺ ഏകൃമേനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസ്സറാണ് ഡോ. മഡായി. ഈ വിഷയത്തിൽ പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. തുടർന്നു ഡോ: തോമസ് മണ്ണൂരാൻപറമ്പിൽ 'സീറോമലബാർ സഭയുടെ അനാഫൊറാ' എന്ന പ്രബന്ധം അവതരിപ്പിച്ചു.

അനാഫൊറയുടെ പ്രത്യേക ഘടനയും ചൈതന്യവും സ്വാഭാവിശേഷണങ്ങളും അനുസരിച്ചുള്ള അനാഫൊറകളും നിർമ്മിയ്ക്കുന്നതിനുള്ള മാർഗ്ഗരേഖയും നിയമങ്ങളും (norms and regulations) സെൻടൽ ലിറർജിക്കൽകമ്മറിറ്റിയ്ക്ക് സമർപ്പിയ്ക്കുവാൻ ഒരു കമ്മറിറ്റി നിയുക്തമായിട്ടുണ്ട്. പുതിയ അനാഫൊറകളും ഉണ്ടാക്കുകയാണെങ്കിൽ തന്നെ അവയുടെ രചനയിൽ അവശ്യം ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളായിരുന്നു പ്രബന്ധത്തിലെ മുഖ്യപ്രമേയം. ഇപ്പോഴുള്ള മുന്നു അനാഫൊറകളുടെയും ഉപയോഗം ഉറപ്പുവരുത്താതെ പുതിയവയു ടെ യോഗിയ്ക്കുവാൻ അനുവദിക്കരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. നിലവിലുള്ള അനാഫൊറകളെപ്പറ്റി ഇനിയും ഗാഢമായ പഠനം തുടരേണ്ടതുണ്ടെന്നും എല്ലാവരും ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. ഡോ: തോമസ് മണ്ണൂരാൻപറമ്പിലും ഡോ: ജേക്കബ് വെള്ളിയാനും സീറോമലബാർ സഭയുടെ രണ്ട്, മൂന്ന് അനാഫൊറകളെപ്പറ്റിയുള്ള അവരുടെ പഠനഫലങ്ങൾ പ്രബന്ധരൂപേണ അടുത്ത സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്.

അങ്കിവന്ദ്യ ജോസഫ് പൗവ്വത്തിൽ, ജോർജ്ജ് പുന്നക്കോട്ടിൽ, എന്നീ പിതാക്കന്മാർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

ഓറിയന്റൽ സ്റ്റഡീഫോറം സമ്മേളനത്തിൽവച്ച്, ഫാ. ഗബ്രിയേൽ C. M. I. എഴുതി ഫാദർ ഇമ്മാനുവേൽ C. M. I. പുനപ്രകാശനംചെയ്ത Syro – Chaldaie Grammer, ഡോ. മഡായി പ്രസിദ്ധീകരിച്ച The Eucharistic Liturgy in the Christian East എന്നീഗ്രന്ഥങ്ങളും പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. ൦൦

(19–ാം പേജിൽനിന്നും തുടർച്ച)

യിത്തീരുകയെന്നതാണ്. അറിവിന്റെ വിഷയം മാത്രമാണ് ദൈവമെങ്കിൽ ദൈവം നമുക്ക പ്രത്യക്ഷനാണ്. അവരുടെ ഹൃദയത്തിലേയ്ക്കും, അവിടുന്ന നമ്മുടെ [illegible] ''അവിടുന്ന വരികയും [illegible] തന്റെ പ്രവൃത്തി [illegible] നിങ്ങൾ [illegible] ചെയ്യുന്നു'' [illegible] ''ദൈവം [illegible] നമുക്കിടയിൽ വസിയ്ക്കാൻ'' എന്നും ഗ്രീക്ക് രീതിയിലെ മംഗലവാഴ്ത്ത് തിരുവചനം പ്രാർത്ഥനയുടെ പരിചിന്തനത്തിനു വിഷയമാക്കേണ്ടതാണ്. ദൈവത്തിനു മനുഷ്യഹൃദയത്തിൽ പ്രവേശിക്കാനും അവിടെ അധിവസിക്കാനും അവസരം കൊടുക്കുമ്പോൾ, മനുഷ്യഹൃദയം ''ദൈവിക'' മായിത്തീരും.

കലണ്ടർ 1984

ആഗസ്റ്റ് കൈത്താക്കാലം

തീയതി

1959—ൽ റോമിൽനിന്ന് പുനരുദ്ധരിച്ചു നല്ലിയത്.

1 ബു.	യൂദാ.	1:4	പതിനഞ്ചു	നോമ്പാരംഭം
	1 കോറി.	2:6–12	ഗലാ.	5:16–26
	മത്താ.	11:7–15	മത്താ.	5:38–48
	മത്താ.	10:16–25		
2 വ്യാ.	കൊളോ	1:15–20	റോമാ.	3:21–26
	ലൂക്കാ	20:41–47	മക്കാ.	2:1–12
3 വെ.	ആദ്യ. വെ.			
	1 കോറി.	10:1–10	നിവിസസിലെ വി. യാക്കോബ്	
	ലൂക്കാ	20:1–8	2 കോറി,	10:3–18
			ലൂക്കാ	12:1–12
4 ശ.	2 കോറി.	5:16–21	ഫിലി.	3:1–11
	മത്താ.	9:35–38	മക്കാ.	8:34–38
5 ഞാ.	കൈത്താക്കാലം 2–ാം ഞായർ			
	നിയമ.	6:1–9	നിയ.	4:32–40
	ഏശ.	36:24–28	ഏശാ.	3:16–4:6
	1 യോഹ.	3:11–18	2 കോറി.	3:4–10
	മത്താ.	22:34–40	ലൂക്കാ	15:1–32
6 തി.	2 പത്രോ.	1:12–18	ന. ക. രൂപാന്തരീകരണം	
	ലൂക്കാ	9:28–36	പുറ.	19:1–8
			ശീഹ.	1:15–26
			എബ്രാ.	12:18–29
			മത്താ.	17:1–8
7 ചൊ.	2 കോറി.	2:14–17	ഫിലി.	3:12–16
	ലൂക്കാ	6:6–11	മത്താ.	5:43–48

8 ബു.	യൂദാ.	5–8	1 കോറി.	1:18–25
	2 കോറി.	4:6–10	മത്താ.	1:18–25
	മത്താ.	11:16–19		
	ലൂക്കാ	4:16–22		
9 വ്യാ.	റോമ.	11:1–6	1 തെസ്സ.	1:2–10
	ലൂക്കാ	4:24–30	ലൂക്കാ	5:33–39
10 വെ.	2 പത്രോ.	1:3–11	മാർ.മാറി.ഇസ.	45:4–13
	2 കോറി.	9:6–11	നട.	4:32–5:11
	മത്താ.	13:18–23	1 കോറി.	15:1–19
	യോഹ.	12:27–36	യോഹ.	20:19–31
11 ശ.	കൊളോ.	2:11–15	വി. ലൗറന്തിയോസ്	
	ഫിലി.	3:8–14	2 കോറി.	9:6–10
	മക്കോ.	4:26–32	യോഹ.	12:24–26
	മത്താ.	19:27–29		
12 ഞാ.	കൈത്താ. 3–ാം ഞായർ			
	ലേവ്യ.	19:11–18	നിയ.	5:1–16
	ജോബു.	31:29–40	ഏശ.	5:1–7
	1 കോറി.	13:1–10	2 കോറി.	7:1–11
	ലൂക്കാ	10:25–37	യോഹ.	9:1–38
13 തി.	കോളോ.	3:12–17	1 തെസ്സ.	3:7–13
	1 കോറി.	1:26–31	യോഹ.	8:42–47
	മത്താ.	18:19–22		
	മത്താ.	19:16–22		
14 ചൊ.	1 കോറി.	5:6–8	1 തെസ്സ.	4:1–8
	റോമ.	8:31–39	ലൂക്കാ	6:20–26
	മത്താ.	10:34–39		
	മക്കോ.	10:17–22		
15 ബു.	പ. കന്യ. മറിയ. സുമർസ്സ്തോപണം			
	സംഖ്യ.	10:33–36	പുറ.	15:11–18
	വെളി.	11:19–12:6	ഗ്രീഹ.	1:1–8
	1 കോറി.	15:20–27	റോമ.	10:17–27
	ലൂക്കാ	1:46–50	മത്താ.	12:46–50
16 വ്യാ.	എഫേ.	4:1–6	വി. [illegible]	
	ലൂക്കാ.	6:46–49	എബ്രാ.	11:8–12
			മത്താ.	1:1–16
17 വെ.	2 കോറി.	5:1–5	1 തെസ്സ.	4:9–12
	ലൂക്കാ	6:37–42	ലൂക്കാ	6:27–36
18 ശ.	2 പത്രോ.	2:1–3	2 തെസ്സ.	2:9–13:17
	1 കോറി.	3:18–23	യോഹ.	6:25–33
	യോഹ.	6:25–33		
	യോഹ.	12:44–50		
19 ഞാ.	കൈത്താക്കാലം 4–ാം ഞായർ			
	പുറ.	17:8–13	നിയ.	5:16–6:3
	മലാക്കി.	1:6–11	ഏശ.	9:8–21

www.dukhrana.in

	എബ്രാ.	5:6–10	2 കോറി.	10:1–18
	യോഹ.	4:34–38	മർക്കോ.	7:1–23
20 തി.	1 കോറി.	14:1–4	2 തെസ്സ.	3:6–12
	എഫേ.	2:13–18	മത്താ.	21:28–32
	മത്താ.	15:32–39		
	യോഹ.	17:20–26		
21 ചൊ.	കൊളോ.	1:9–13	എബ്രാ.	5:11–14
	1 തെസ്സ.	2:2–8	ലൂക്കാ	10:25–37
	മർക്കോ.	11:11–14		
	യോഹ.	21:15–19		
22 ബു.	വെളി.	12:1–6	1 കോറി.	1:26–31
	ലൂക്കാ	1:26–38	യോഹ.	2:1–12
23 വ്യാ.	റോമാ.	7:4–6	റോമാ.	12:1–8
	2 കോറി.	12:1–6	മത്താ.	6:7–15
	യോഹ.	15:1–8		
	മത്താ.	25:1–13		
24 വെ.	വെളി.	21:9–14	വി. ശ്മോനിയും 7 പുത്രന്മാരും	
			എബ്രാ.	11:32–40
	യോഹ.	1:43–51	മത്താ.	10:16–22
25 ശ.	1 കോറി.	6:12–17	വി. ബത്ത്ലെഹെമ്യരീഹാ.	
	1 കോറി.	3:10–17	1 കോറി.	12:27–31
	ലൂക്കാ	12:4–7	ലൂക്കാ	6:12–19
	മത്താ.	20:29–34		

26 ഞാ. കൈത്താക്കാലം 5–ാം ഞായർ.

	1 രാജാ.	19:9–16	ലേവ്യ.	23:38–43
	മലാക്കി.	4:1–6	ഏശ.	28:14–22
	2 പത്രോ.	1:16–21	2 കോറി.	12:14–21
	1 ലൂക്കാ	9:28–36	ലൂക്കാ	16:19–17:10
27 തി.	1 പത്രോ.	4:7–11	റോമാ.	12:9–13
	1 തിമോ.	2:8–15	യോഹ.	16:20–24
	മർക്കോ.	11:20–26		
	ലൂക്കാ	7:11–17		
28 ചൊ.	1 കോറി.	12:12–20	വി. ആഗസ്തീനോസ്	
	1 തിമോ.	5:17–22	2 കോറി.	5:14–21
	മർക്കോ.	12:41–44	മത്താ.	5:13–19
	യോഹ.	3:31–36		
29 ബു.	1 പത്രോ.	3:13–17	റോമാ.	8:12–17
	മർക്കോ.	6:17–29	യോഹ.	6:37–41
30 വ്യാ.	എബ്രാ.	11:8–12	യാക്കോ.	1:2–8
	ലൂക്കാ	11:47–51	മർക്കോ.	12:35–40
31 വെ.	എബ്രാ.	12:1–4	വി. ശെമയോൻ ബർബസായും കൂട്ടരും	
	ലൂക്കാ.	21:10–19		
	ദാനി.	3:25–45	എഫേ.	4:1–16
	നട.	6:8–7:10	യോഹ.	15:1–25

THE COMMON FACTOR IN ALL YOUR DREAMS IS A BETTER LIFE FOR YOUR CHILDREN AND YOUR LOVED ONES.

FOR YOUR EVERY DREAM
WE OFFER A SCHEME.

BANK OF COCHIN LIMITED
REGD. OFFICE: ERNAKULAM
COCHIN - 682 018.

MASTERS IN BANKING BUSINESS
PIONEERS IN FOREIGN EXCHANGE BUSINESS

DUKRANA
H. 239263/80
Reg No KL/KTM/170
AUGUST 1984
Vol. 4 No. 8
Price: Rs. 1.25

പണം

ഞാൻ ഒരു കർഷകനാണു്. എന്റെ ഓരോ പൈസയുടെയും പിന്നിൽ പൊള്ളുന്ന വെയിലത്തു് വയലിൽ ചിന്തിയ വിയർപ്പുതുള്ളികളുടെ ഇതിഹാസമുണ്ടു്.

എനിക്കു് നാളെയെപ്പറ്റി ഉൽക്കണ്ഠയുണ്ടു്. പ്രതീക്ഷകളുണ്ടു്. അതിനാൽ കിട്ടുന്ന പണമെല്ലാം ഞാൻ ധൂർത്തടിച്ചുകളയാറില്ല. എന്റെ വർത്തമാനത്തിൽ ഒരംശം ഞാൻ കാഞ്ഞിരപ്പള്ളി സർവീസു് കോ-ഓപ്പറേറ്റീവു് ബാങ്കിൽ നിക്ഷേപിക്കുന്നു. അതുകൊണ്ടു് എന്റെ നാളെ സുരക്ഷിതമാണു്.

www.dukhrana.in

കാഞ്ഞിരപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
P. B. No. 2, കാഞ്ഞിരപ്പള്ളി — PHONE: 106